ജൂൺ 2020

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം



# Editorial

"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (വി.മർക്കോസ് 16:15)

സ്വർഗ്ഗാരോഹണത്തിനു മുമ്പ് നമ്മുടെ കർത്താവ് തന്റെ ശിഷ്യഗണത്തിനു നൽകിയ കൽപ്പനയാണിത്.

ഓരോ ക്രിസ്ത്യാനിയുടേയും ആത്യന്തികമായ വിളി ലോകത്തിന്റെ അതിർത്തികളോളം സുവിശേഷം അറിയിച്ച് സുവിശേഷമായി തീരാനുള്ളതാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ഊർജസ്വലരായ മക്കളെന്ന നിലയിൽ ഈ വർഷം നമ്മെ ഭരിക്കേണ്ട ചിന്തയും ഇതു തന്നെ. 'യുവത്വം ധീരപ്രേഷിതരാകാനുള്ള ഒരു വിളി'യാണെന്ന ഉത്തമ ബോധ്യത്തിലേക്ക് നാം നമ്മെത്തന്നെ രൂപപ്പെടുത്തേണ്ട സമയമാണിത്. നമ്മുടെ വിളി സുവിശേഷത്തിന്റെയും സഭയുടെയും ധീരപ്രേഷിതരാകാനുള്ളതാണെന്ന തിരിച്ചറിവ് നമ്മിലുണ്ടാകുമ്പോൾ നമുക്ക് അലസരായിരിക്കാൻ സാധിക്കില്ല.

'യുവാവേ ഞാൻ നിന്നോട് പറയുന്നു; എഴുന്നേൽക്കുക" (ലൂക്കാ: 7:14) ഈ വചനം നാം ഈ വർഷം ചിന്താവിഷയമാക്കുമ്പോൾ ധീര പ്രേഷിതരായി നാം ഉണർന്നെഴുന്നേൽക്കണ്ടതിന്റെ ആവശ്യകത ഏറെ കൂടി വരുന്ന ഒരു കാലഘട്ടമാണിതെന്ന് നാം മറന്നുപോകരുത്. വിശേഷിച്ച് കൊറോണയെന്ന മഹാവ്യാധി ലോകം മുഴുവൻ പടർന്ന് പിടിക്കുന്ന സവിശേഷ സാഹചര്യത്തിൽ. നമ്മുടെ കർത്താവിന്റെ മനസറിയുന്ന ഒരു സുഹൃത്തായി രൂപാന്തരപ്പെടുന്നതിനുള്ള വിളിയായി, ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ ജീവിതത്തിൽ സ്വായത്തമാക്കാനുള്ള വിളിയായി, ദൈവരാജ്യ സംസ്ഥാപനത്തിന്റെ ചുക്കാൻ പിടിക്കാനുള്ള വിളിയായി, സത്യത്തിലേക്കും ജീവനിലേക്കും സ്വാതന്ത്ര്യത്തിലേക്കുമുള്ള വിളിയായി നമ്മുടെ യുവത്വത്തെ മനസിലാക്കാനും തിരിച്ചറിയാനും നമുക്ക് കഴിയണം.

പരിശുദ്ധ സഭ ഇന്ന് നിരവധിയായ പ്രതിസന്ധികളെ അഭിമുഖീകരിക്കുമ്പോൾ സത്യത്തിന്റെ സന്ദേശവാഹകരാകുവാൻ നമുക്ക് കഴിയണം. നുണകളെ സത്യമായി അവതരിപ്പിക്കുവാൻ പരിശ്രമിച്ചുകൊണ്ട് സഭയെയും അതിന്റെ ദൈവീകമായ ദൗത്യത്തെയും നശിപ്പിക്കുവാൻ ശ്രമിക്കുന്നവർക്ക് മുമ്പിൽ ധീരതയോടെ പ്രേഷിത തീക്ഷണതയോടെ ഉണർന്നെഴുന്നേൽക്കാൻ നമുക്കാവണം... ഏക്കാലത്തെയും പോലെ അനേകരെ സഹായിക്കാം... അവർക്കായി പ്രാർത്ഥിക്കാം...

ജിനു ജോർജ്ജ്
ചീഫ് എഡിറ്റർ





Sr. Dr. Jocelyn SIC

# LESSONS FROM COVID 19

I am honored to share a few thoughts to our international MCYM units across the globe during this COVID19 pandemic which has dramatically altered our world in a few short weeks. As a Bethany Sister and as a physician who serves primarily in the inpatient hospital setting, there have been many ways where the Lord has allowed me to be on the front lines ministering to others.

On what can we rely on during such times? Our faith. It is the solid foundation of our faith which can guide a person during such tumultuous times. We can thank God for a good formation that many of us have received being raised in the Syro - Malankara Catholic tradition. I personally value the strong training I received being continually involved in MCYM for a large part of my ministry. We remember that MCYM, established more than 50 years ago, has 5 pillars: Spiritual, Intellectual, Social, Cultural and Political. It is good to recall that these pillars help us to form ourselves personally and serves to form a strong platform to evangelize the world. I am grateful to have been involved in MCYM officially for years on the local and eparchial levels and currently I serve as an eparchial MCYM animator. I recall the hard work of many, over the years as we planned and dreamed for our church. I thank God that the MCYM Executive Board of North America is celebrating 20 years of existence this year.

The Holy Scriptures are filled with examples of healing ministry. Hezekiah prayed and asked for healing and was given fifteen years to his life. (2Kgs 20:4-7). The angel Raphael used medicinal treatments to help Tobit to be healed. (Tobit 6:2-5) Also, we know that Christ himself went around healing many during his earthly ministry. Jesus tells us: "It is not those who are healthy who need a physician, but those who are sick" (Mk 2:17) Jesus understood the human condition and our propensity toward illness. Yet, beautifully, it is surely in our frailty that we learn how to depend on others. Jesus himself is the Divine Physician. The beautiful imagery that we have inherited in our



Antiochean liturgical tradition invokes the analogy of physical healing to the body as an icon of spiritual healing/salvation to the soul. We sing this in the Shimo for Suthoro of Monday night: "I have heard of you (Jesus), good physician, that you had many medicines and that, he receives help who approaches you." St. Ephraim used these examples often as we hear in our prayers.

Servant of God Archbishop Mar Ivanios accomplished many good works in his lifetime. One aspect of his ministry which is often not highlighted was his visits to the sick and his healing ministry. In fact, in his early days during the formation of the Bethany monastic vision, he went to visit the sick and the poor. He tended to the poor near Serampore College and wrapped their wounds. "Although his health was poor, we went into the Calcutta slums, washed the malnourished babies, kissed their infectious areas and returned." (Archbishop Mar Ivanios, Margaret Gibbons) And, a part of his original vision for the apostolic ministry of Bethany and the Syro - Malankara Catholic Church at large was to establish hospitals. Today, our Syro - Malankara Catholic Church and religious communities pay special attention to focus on this healing aspect of apostolic ministry.

As a youth, I was deeply inspired by the life of Servant of God Archbishop Mar Ivanios. The more involved I became in MCYM, the more I heard the voice of God calling me to serve Him in a particular way as a Bethany sister. As I discerned my vocation, I was also discerning my apostolate. I sought God's will earnestly and felt very strongly that he was urging me on to a career in medicine despite my desire to focus on more direct evangelization. I came to understand that like St Teresa of Calcutta, we must see the face of Christ in those whom we serve. Now amid the COVID pandemic, I see that God had arranged my steps for His greater glory.

Currently, the world is going through a massive shift. We see a lot of fear. People are scared for their health, families, livelihood and the future.

Lives are disrupted. Mass migration is happening. Our sense of security has been affected. The health care workers are scared to contract COVID due to lack of enough PPE (personal protective equipment) and this is felt throughout the globe. But a Christian has a supernatural hope. Jesus was unafraid to touch and heal even infectious diseases such as leprosy. We can be cautious and prudent and yet we are called to spiritually reach out to others. We are now living in a world which is maintaining social distancing. When I go to see a patient, I remember that in the monastic tradition, certain prayers are recited before donning each article of clothing. I myself have been praying before putting on my gloves, gown, mask and face shield (Eph 3:13-17). I put on "Spiritual PPE." I see young and old patients with COVID. I try to share my joy and be fully present to them. They are happy to see a Catholic sister who is also a doctor. So are my coworkers. I spent time with my patients and give them a loving gaze. I hear the pain of my coworkers and I offer them hope. Smiling eyes reflect the love of Christ.

Our patron saint, St Francis of Assisi when he was young radically gave up all for Jesus. Today, Christ calls us to this same radical love. He spent time with the Lord. He was still. He listened to Jesus' voice and he answered with his whole heart. Today, I would advise you, young people of the Malankara Catholic Church to discern your vocation well and to really ask the Lord what your individual call is in a unique way. You are the backbone of the church! I was able to seek counsel from elders and they were able to spiritually accompany me. Seek advice. Develop projects. Despite many limitations and non-ideal current conditions for the sacramental ministry of the Church, I have enjoyed continuous online prayer formats for some time now and appreciate the spirit of community developed in the virtual setting. The MCYM is currently poised to develop a significant online presence to make the Syro - Malankara Catholic experience vibrant. Youth are able to use current technology to advance the Kingdom of God. You can give a taste of our traditions to the world who speak a variety of languages. Current virtual meetings and online content including app development lies in the hands of energetic young Malankarites who are invigorated by a sense of mission. Mission comes from a conviction which is developed in the faith.

Therefore, my dear friends, I challenge you to transform your world! Do you see fear? Then, share hope! Be like Jesus and tell the world "Do not be afraid!" (Jn 14:27). Do you see a lockdown ? I see an opportunity for young people to create something beautiful for God. We can renew our family life, our faith, our flawed systems. We can have a closer walk with Jesus. We can love each other more deeply. As the great feast of Pentecost draws near, we pray for a spirit of power to evangelize! Pope Francis writes to youth in his post synodal apostolic exhortation Christus Vivit paragraph 229: "Keep running, attracted by the face of Christ, whom we love so much, whom we adore in the Holy Eucharist and acknowledge in the flesh of our suffering brothers and sisters." May the Lord bless us, protect us and heal us all during this COVID global pandemic. Mary our Lady of Reunion pray for us! As we pray in the evening prayer for the laity: "Deliver us, O Merciful Lord... From plaques...and from all that shall separate us from you. Amen."

(**Sr. Dr. Jocelyn SIC is the Diocesan Animator of MCYM, Eparchy of USA & Canda**)



## എം.സി.വൈ.എം. പഠനവിഷയം 2020

# യുവത്വം: ധീരപ്രേഷിതരാകാനുള്ള ഒരു വിളി



**റവ. ഡോ. ഫാ. പ്രഭീഷ് ജോർജ്ജ്**

*'യുവാവേ, ഞാൻ നിന്നോട് പറയുന്നു എഴുന്നേൽക്കുക"*
(ലൂക്കാ 7:14)

മനുഷ്യാവതാരത്തിലൂടെയും രക്ഷാകര രഹസ്യങ്ങളിലൂടെയും യേശുക്രിസ്തു പൂർത്തീകരിച്ച ദൗത്യം സ്ഥലകാല ബന്ധിതമായ ഒരു സാർവത്രിക പ്രേഷിതദൗത്യമായിരുന്നു. എന്നാൽ ഈ ദൈവീക ദൗത്യം എല്ലാ കാലത്തേയ്ക്കുമുള്ളതാണ്; എല്ലാ സമയത്തും എല്ലായിടങ്ങളിലും യാഥാർത്ഥ്യമാകേണ്ടതാണ്. കാരണം, ക്രിസ്തു കൊണ്ടുവന്ന രക്ഷ ഒരിക്കൽ എല്ലാവർക്കുമായിട്ടായിരുന്നു. തന്റെ മൗതികശരീരമായ സഭയെ "രക്ഷയുടെ സാർവത്രിക കൂദാശ"[1] ആയി സ്ഥാപിച്ചത് ഈ രക്ഷാകരപ്രവൃത്തി എല്ലാ കാലത്തും തുടരുവാൻ വേണ്ടിയാണ്. അതുപോലെ, സഭയിൽ വ്യക്തികളെ വിളിക്കുകയും ഈ ദൗത്യം തുടരാനുള്ള നിയോഗം നൽകുകയും ചെയ്യുന്നു. അവരെ വിളിച്ചത് രക്ഷയുടെ സദ്വാർത്ത മറ്റുള്ളവരോട് പ്രഘോഷിക്കാൻ മാത്രമല്ല ക്രിസ്തു നൽകുന്ന രക്ഷാകര കൃപ മറ്റുള്ളവരിലെത്തിക്കുന്ന വാഹകരായി തീരാനുമാണ്. അതുകൊണ്ടാണ് മിഷണറിമാരെ "നിത്യരക്ഷയുടെ ശുശ്രൂഷകർ"[2] എന്ന് വിളിക്കുന്നത്.

യുവത്വത്തിലായിരിക്കുന്നത് ഒരു വിളിയാണ്: ക്രിസ്തുവിനെഅനുഗമിക്കാൻ, ക്രിസ്തുവിന്റെ രക്ഷാകര പ്രവർത്തനങ്ങളിൽ പങ്കുകാരാകാൻ, ത്രിയേക ദൈവത്തിന്റെ രക്ഷാകരദൗത്യം തുടരാൻ. ഈ വിളിയുടെ ലക്ഷ്യം സകലത്തിനേയും ക്രിസ്തുവിൽ ഐക്യപ്പെടുത്തലാണ്; ഇത് വെല്ലുവിളിനിറഞ്ഞ ഒരു വിളിയാണ്. അതിന് കൂടുതൽ ഊർജ്ജം, കൂടുതൽ സമർപ്പണം, കൂടുതൽ ഉറച്ച തീരുമാനം, അതിലുപരി, ക്രിസ്തുവിനോടുള്ള അടങ്ങാത്ത സ്നേഹം നമുക്ക് ആവശ്യമാണ്. യുവജനങ്ങളെ അടിസ്ഥാനപ്രേഷിത വിളിയിൽ നിന്നകറ്റുന്ന അനേകം കാര്യങ്ങൾ ഈ ലോകത്തിലുണ്ട്. അത്തരം പ്രലോഭനങ്ങളെ അതിജീവിക്കാനും ദൈവവിളിയിൽ ഉറച്ചു നിൽക്കാനും ധാരാളം ധിക്ഷണാശക്തിയും സമർപ്പണവും അനിവാര്യമാണ്. അതുകൊണ്ടാണ് ഊർജ്ജസ്വലരായ യുവജനങ്ങളെ കർത്താവ് വിളിക്കുന്നത്. അവർ വിളിക്കപ്പെട്ടിരിക്കുന്നത് സമകാലീനലോകത്തിലെ ധീരരായ പ്രേഷിതരായിത്തീരാനാണ്.

### 1. സൗഹൃദത്തിലേയ്ക്കുള്ള വിളി (A Call to Friendship)

ശിമയോനെ ദൗത്യം ഭരമേൽപ്പിക്കുന്നതിനു മുമ്പ് യേശു ചോദിച്ചു: "യോനായുടെ പുത്രനായ ശിമയോനെ നീ എന്നെ സ്നേഹിക്കുന്നുവോ?"(യോഹ 21:16). ലളിതമായ ചോദ്യം: എന്നെ ഒരു സുഹൃത്തിനെപ്പോലെ നീ സ്നേഹിക്കുമോ? ഈ വിളി ക്രിസ്തുവുമായി സൗഹൃദം ഉണ്ടാക്കാനാണ്. വിളി ഉപേക്ഷിക്കാനുള്ള എല്ലാ പ്രലോഭനങ്ങളെയും അതിജീവിക്കാൻ ഒരു വ്യക്തിയെ പ്രാപ്തമാക്കുന്നത് ക്രിസ്തുവുമായുള്ള സവിശേഷമായ ഈ ബന്ധമാണ്. അതിനെ ഫ്രാൻസിസ് മാർപാപ്പാ വ്യാഖ്യാനിക്കുന്നത് ഇപ്രകാരമാണ്: "കർത്താവിന്റെ ആടുകളെ മേയിക്കാനായി പത്രോസിനു കിട്ടിയ നിയോഗം ഈ സൗജന്യ സ്നേഹം, സൗഹൃദത്തിന്റെ സ്നേഹവുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്നു."[3]

യേശു "അവന് ഇഷ്ടമുള്ളവരെ തന്റെ അടുക്കലേയ്ക്ക് വിളിച്ചു" (മത്താ 3:13), "തന്നോടു കൂടെയായിരിക്കുക" (മർക്ക 3:14) എന്ന ഏറ്റവും അടിസ്ഥാനവിളിയും അവർക്ക് നൽകി. ഇത് സൗഹൃദത്തിലേയ്ക്കുള്ള വിളിയാണ്. "ഇനി ഞാൻ നിങ്ങളെ ദാസന്മാരെന്നു വിളിക്കുകയില്ല. കാരണം യജമാനൻ ചെയ്യുന്നതെന്തെന്ന് ദാസൻ അറിയുന്നില്ല. എന്നാൽ ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്നു വിളിച്ചു. എന്തെന്നാൽ എന്റെ പിതാവിൽ നിന്ന് കേട്ടതെല്ലാം നിങ്ങളെ ഞാൻ അറിയിച്ചു." (യോഹ 15:15). എല്ലാവിളികളും നമുക്ക് നൽകുന്ന പദവി "യേശുവിന്റെ സുഹൃത്തുകളുടേതാണ്." (Friends of Jesus)

ക്രിസ്തീയ വിളി യേശുവിന്റെ സുഹൃത്തുക്കളായി സ്വർഗീയ വിരുന്നിൽ പങ്കുചേരാനാണ്. ഈ ക്ഷണം ഒരു പുതിയ ലോകത്തിലേയ്ക്കാണ്, സുഹൃത്തുക്കളുടെ ലോകം.ക്രിസ്തുവുമായുള്ള നമ്മുടെ സൗഹൃദം നമ്മുടെ എല്ലാ ബന്ധങ്ങളെയും വിശുദ്ധീകരിക്കുന്നതായിരിക്കണം. പാപത്തിന്റെ ബന്ധനമില്ലാത്ത സൗഹൃദമാണിത്. ദൈവമക്കളെപ്പോലെ സ്വാതന്ത്ര്യമനുഭവിക്കാനുള്ള സൗഹൃദമാണിത്. ക്രിസ്തുവുമായുള്ള നമ്മുടെ സൗഹൃദം നമ്മുടെ ജീവിതത്തിലെ മറ്റു സൗഹൃദങ്ങളെ പരിശോധിക്കാനുള്ള അളവുകോലാണ്.

ഓരോ യുവജനവും സൗഹൃദ വലയത്തിലായിരിക്കാൻ ഏറെ ഇഷ്ടപ്പെടുന്നു, കാരണം യുവത്വം സൗഹൃദത്തിന്റ കാലഘട്ടമാണ്. സുഹൃദ്‌വലയത്തിൽ അവർ സമയവും കാലവും വിസ്മരിക്കുന്നു. ആരും തന്നെ ഒറ്റപ്പെടലും ഏകാന്തതയും ഇഷ്ടപ്പെടുന്നില്ല. പരി. ഫ്രാൻസിസ് മാർപാപ്പാ പറയുന്നു: "സൗഹൃദത്തിന്റെ അനുഭവം മറ്റുള്ളവരോട് തുറവിയും അവരെ മനസിലാക്കാനും പരിഗണിക്കാനും അതുപോലെ നമ്മുടെ സൗകര്യപ്രദമായ ഏകാന്തതയിൽ നിന്ന് പുറത്തുവരാനും നമ്മുടെ ജീവിതങ്ങളെ മറ്റുള്ളവരുമായി പങ്കുവയ്ക്കാനും പഠിപ്പിക്കുന്നു."[4] സൗഹൃദലോകം ഹൃദയസ്പർശിയും അവിസ്മരണീയവുമായ അനുഭവങ്ങൾ നമുക്ക് പ്രദാനം ചെയ്യുന്നു. സൗഹൃദവലയത്തിൽ ഓരോരുത്തരും അനുഭവിക്കുന്നത് സുഖവും ആശ്വാസവും ആത്മവിശ്വാസവുമാണ്. നല്ല സൗഹൃദങ്ങൾ നമ്മെ നയിക്കുന്നത് മനസിന്റെ ശാന്തതയിലേയ്ക്കാണ്. യഥാർത്ഥ സൗഹൃദം സ്വാതന്ത്ര്യവും സന്തോഷവം നൽകുന്നു.

ആരാണ് നിങ്ങളുടെ യഥാർത്ഥ സുഹൃത്ത്? നമ്മുടെ പ്രതിസന്ധികളിൽ ആർക്കാണ് നമ്മെ ആശ്വസിപ്പിക്കാൻ സാധിക്കുന്നത്? വേദനാജനകമായ അനുഭവങ്ങളിൽ ആർക്കാണ് നമ്മെ ആശ്വസിപ്പിക്കാനാകുക? പരാജയങ്ങളിൽ ആർക്കാണ് നമുക്ക് ആത്മവിശ്വാസം നൽകാൻ സാധിക്കുക? ആർക്കാണ് നമുക്ക് യഥാർത്ഥ സ്വാതന്ത്ര്യവും സന്തോഷവും നൽകാനാവുക? പ്രഭാഷകൻ പറയുന്നു: "ദൈവഭക്തനും കല്പനകൾ പാലിക്കുന്നവനെന്ന് ഉറപ്പുള്ളവനും നിന്റെ സ്വാഭാവത്തിന് ഇണങ്ങുന്നവനും നിന്റെ പരാജയത്തിൽ സഹതപിക്കുന്നവനുമായ ഒരുവനോട് എപ്പോഴും ഒട്ടി നിൽക്കുക" (37:12). എല്ലാ കാലങ്ങളിലും നമുക്ക് വിശ്വസിക്കാനാവുന്ന യഥാർത്ഥ സുഹൃത്ത് ദൈവകല്പനകൾ വിശ്വസ്തതാപൂർവം പാലിക്കുന്ന ദൈവഭക്തനാണ്. ആ വ്യക്തിയുമായുള്ള സൗഹൃദം എപ്പോഴും ദൈവത്തോടുകൂടെ ആയിരിക്കാൻ നമ്മെ സഹായിക്കുന്നു. എല്ലാ സാഹചര്യങ്ങളിലും അത്തരം സുഹൃത്തുക്കൾ നമ്മോടുകൂടെയായിരിക്കും. അത്തരം വ്യക്തികൾക്ക് മാത്രമേ യഥാർത്ഥ സന്തോഷവും സ്വാതന്ത്ര്യവും നമുക്ക് നൽകാനാകൂ.

ദൈവപുത്രനായ ക്രിസ്തു സ്വർഗത്തിൽ നിന്നിറങ്ങി വന്നത് നമ്മിലൊരുവനാകാനും ഒരു സുഹൃത്തിനെപ്പോലെ നമ്മോടുകൂടെ ആയിരിക്കാനാണ്.[5] അതിനാൽ അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടുന്നു. അവൻ തന്റെ ജീവിതം ബലിയായി അർപ്പിച്ചത് രണ്ടു ലക്ഷ്യങ്ങൾക്കുവേണ്ടിയാണ്: പിതാവായ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റി അവിടുത്തെ അനുസരിക്കാനും, അവസാനതുള്ളിചോരവരെ ചിന്തി തന്റെ സുഹൃത്തുക്കളെ സ്നേഹിക്കാനും.[6] ക്രിസ്തുവിൽ ഒരു യഥാർത്ഥ സുഹൃത്തിനെനമുക്ക് കണ്ടെത്താൻ സാധിക്കും. നമ്മുടെ പരാജയത്തിലോ വിജയത്തിലോ അവൻ നമ്മെ ഉപേക്ഷിച്ചുപോകുന്നില്ല.[7] ആടുകൾക്കുവേണ്ടി സ്വജീവൻ സമർപ്പിക്കുന്ന ഒരു യഥാർത്ഥ ഇടയനായ അവിടുന്ന് "തൊണ്ണൂറ്റി ഒൻപതിന്റെ" കൂട്ടായ്മയിൽ നിന്ന് നാം കൂട്ടം തെറ്റിയാലും നമ്മെ തേടിവരുന്നു. യേശു നാമോരോരുത്തരേയും വിലയേറിയതായി കരുതുന്നതിനാൽ തന്നെ നമ്മുടെ സൗഹൃദത്തെ മറ്റെന്തിനേക്കാളും മൂല്യമുള്ളതായി പരിഗണിക്കുന്നു.

വി. വേദപുസ്തക വിവരണത്തിൽ കർത്താവിന്റെ സജീവമായ സൗഹൃദവലത്തിൽ പന്ത്രണ്ടുപേർ മാത്രമല്ല ധാരാളംപേരുണ്ടായിരുന്നു എന്നു കാണാം. അവർ അവനോടൊപ്പം കാൽനട യാത്രചെയ്തു. രാത്രിയും പകലും അവനോടൊപ്പം വസിച്ചു. കരയിലും വെള്ളത്തിലും അവനോടൊപ്പം യാത്രചെയ്തു. അവർ അവനെ ശ്രവിക്കുകയും അവനോട് സംഭാഷിക്കുകയും ചെയ്തു. ഭക്ഷണം മാത്രമല്ല അവരുടെ ചിന്തകളും അവർ അവനോട് പങ്കുവച്ചു. സിനഗോഗുകളിലേയ്ക്കു മാത്രമല്ല പാവപ്പെട്ടവരുടേയും രോഗികളുടേയും ആവശ്യക്കാരുടേയും അവഗണിക്കപ്പെട്ടവരുടേയും ഭവനങ്ങളിലേയ്ക്ക് അവർ അവനെ അനുധാവനം ചെയ്തു. അവർ അവന്റെ സഹായം നേടുകമാത്രമല്ല അവന്റെ നാമത്തിൽ മറ്റുള്ളവരെ സഹായിക്കാനും സന്നദ്ധരായിരുന്നു. അത്ഭുതങ്ങൾ പ്രവർത്തിക്കുമ്പോൾ യേശുവിന്റെ തുണയായി അവർ കൂടെ ഉണ്ടായിരുന്നു. അവർ മറ്റുള്ളവരെ അവന്റെ അടുക്കലേയ്ക്ക് കൊണ്ടു വന്നു. യേശുവിനെക്കുറിച്ച് മറ്റുള്ളവരോട് അവർ സംസാരിച്ചു. അവന്റെ വാക്കുകൾക്കും പ്രവർത്തികൾക്കും അവർ സാക്ഷികളായി. അവന്റെ നാമത്തിൽ രോഗികളെ സുഖമാക്കാനും പിശാചുക്കളെ പുറത്താക്കാനും കഴിഞ്ഞു. ഇതെല്ലാം ചെയ്യാൻ അവർ ഇഷ്ടപ്പെട്ടു കാരണം അവർ യേശുവുമായുള്ള സൗഹൃദം യഥാർത്ഥത്തിൽ ആസ്വദിച്ചിരുന്നു.

ക്രിസ്തുവിന്റെ സൗഹൃദത്തിലാവുക ഒരു അനുഗ്രഹവും അതുപോലെ വെല്ലുവിളിയുമാണ്. ഇത് അനുഗ്രഹമാണ്; കാരണം, ഇത് പിതാവായ ദൈവം നമുക്ക് സൗജന്യമായി നൽകുന്ന ഒരു സമ്മാനമാണ്. "സൗഹൃദം ദൈവത്തിൽ നിന്നു ജീവിതത്തിൽ ലഭിക്കുന്ന ഒരു സമ്മാനവും കൃപയുമാണ്."[8] മാമോദീസാ എന്ന കൂദാശ സ്വീകരിക്കുന്നതിലൂടെ ഒരാൾ ക്രിസ്തുവുമൊത്തുള്ള ഒരു പുതുജീവിതം ആരംഭിക്കുന്നു. ക്രിസ്തുവിന്റെ തിരുശരീര രക്തങ്ങൾ സ്വീകരിക്കുന്നതിലൂടെ ക്രിസ്തുവുമായുള്ള സ്നേഹബന്ധം ദിനംപ്രതി നവീകരിക്കുന്നു. അനുതാപത്തിന്റെ കൂദാശായിലൂടെ നാം ദൈവത്തോടും ലോകത്തോടുമുള്ള നമ്മുടെ ബന്ധങ്ങളെ

വിശുദ്ധീകരിക്കുകയും അത് യഥാർത്ഥമായ സ്വാതന്ത്ര്യവും സന്തോഷവും ആസ്വദിക്കാൻ നമ്മെ സഹായിക്കുകയും ചെയ്യുന്നു. ക്രിസ്തുമായുള്ള സൗഹൃദം മാലാഖമാരും വിശുദ്ധരുമായുള്ള സൗഹൃത്തിലേയ്ക്ക് നമ്മെ നയിക്കുന്നു. അതിലൂടെ നാം വിശുദ്ധിയുടെ ഒരു ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നു. ഇതൊരു വെല്ലുവിളിയാണ് കാരണം എല്ലാവർക്കും ഈ പുതിയ ജീവിതക്രമത്തിലേയ്ക്ക് പ്രവേശിക്കാൻ സാധ്യമല്ല. അതിലുപരി, ക്രിസ്തുവിനോടും അവന്റെ കൽപനകളോടും നിരന്തരമായ അതെ എന്ന പ്രത്യുത്തരം ആവശ്യപ്പെടുന്നു. "എന്റെ കൽപനകൾ സ്വീകരിക്കുകയും പാലിക്കുകയും ചെയ്യുന്നവനാണ് എന്നെ സ്നേഹിക്കുന്നത്. എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവും സ്നേഹിക്കും, ഞാനും അവനെ സ്നേഹിക്കുകയും എന്നെ അവനു വെളിപ്പെടുത്തുകയും ചെയ്യും" (യോഹ 14:21). ക്രിസ്തുവുമായുള്ള സൗഹൃദത്തിന് നാം നൽകേണ്ട വില അവിടുത്തെ കല്പനകളോട് വിശ്വസ്തരായിരിക്കുക എന്നതാണ്. ക്രിസ്തുവുമായുള്ള സൗഹൃദത്തിന് വിലനൽകാൻ നിങ്ങൾ തയ്യാറാണോ?

**2. ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ ജീവിക്കാനുള്ള വിളി (A Call to Live the Values of Kingdom)**

ദൈവരാജ്യം ക്രിസ്തു വെളിപ്പെടുത്തിയത് താനുമായി ഏറ്റവും അടുത്ത സൗഹൃദവലയത്തിലായിരുന്നവർക്കായിരുന്നു. "എന്റെ പിതാവിൽ ഞാൻ കേട്ടതെല്ലാം നിങ്ങളെ ഞാൻ അറിയിച്ചു." (യോഹ 15:15) ക്രിസ്തുവിന്റെ ഈ വെളിപ്പെടുത്തൽ നടക്കുന്ന പശ്ചാത്തലം ഒരു സൗഹൃദ സംഭാഷണ വേദിയായിരുന്നു. യാഥാർത്ഥ സുഹൃത്തുക്കൾ എന്ന നിലയിൽ മാമോദീസാ സ്വീകരിച്ച ഓരോരുത്തരം ദൈവരാജ്യത്തിന്റെ സത്യങ്ങൾ അറിയാനുള്ള അനുഗ്രഹം കിട്ടിയവരാണ്. ദൈവരാജ്യത്തിന്റെ സത്യമറിയുന്നത് ഏക സമയ പ്രവൃത്തിയല്ല; മറിച്ച്, ഇത് നിരന്തരമായ ഒരു പരിശീലനപ്രക്രിയയാണ് (It is not one time but an ongoing process and formation). ഇത് ബൗദ്ധികമായ അറിവല്ല, മറിച്ച് ദൈവരാജ്യത്തിലേയ്ക്ക് നാം ഉൾചേർക്കപ്പെടുന്നതാണ്. അറിയുക എന്നുവച്ചാൽ ദൈവരാജ്യത്തിന്റെ സത്യങ്ങൾക്കൊണ്ട് നമ്മുടെ ജീവിതങ്ങൾ പരിവർത്തനം ചെയ്യപ്പെടുക എന്നതാണ്.

ക്രിസ്തു സ്വയം വിസ്മയിച്ചുകൊണ്ട് പറഞ്ഞു: "സ്വർഗത്തിന്റേയും ഭൂമിയുടേയും നാഥനായ പിതാവേ, നീ ഇക്കാര്യങ്ങൾ ബുദ്ധിമാന്മാരിൽ നിന്നും വിവേകികളിൽ നിന്നു മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു" (മത്താ 11:25). ചെറിയവരോട് സത്യം വെളിപ്പെടുത്താൻ ദൈവം സംപ്രീതനാണ്. നമുക്ക് എങ്ങനെ ഈ വെളിപാട് ലഭിക്കും? യേശുപറയുന്നത് ഇത് സാധ്യമാകുന്നത് ശിശുക്കളെപ്പോലെ ആകുന്നതിലൂടെയാണ്. ചെറിയവരെപ്പോലെ ആകുന്നത് ദൈവരാജ്യത്തിന്റെ സത്യമറിയാനുള്ള ഒരു നിബന്ധനയാണ്. ശിശുക്കളെപ്പോലെ നമ്മുടെ മനസ്സ് പാപമേശാതെയും നിഷ്കളങ്കമായും നാം കാത്തുസൂക്ഷിക്കണം.

സ്നാപക യോഹന്നാൻ ആഹ്വാനം ചെയ്തു: "മാനസാന്തരപ്പെടുവിൻ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" (മത്താ 3:2) ദൈവപുത്രനായ ക്രിസ്തുവാണ് ജനതകളുടെ ഇടയിൽ വെളിപ്പെട്ട ദൈവരാജ്യം. ദൈവരാജ്യത്തെക്കുറിച്ചുള്ള ക്രിസ്തുവിന്റെ പ്രബോധനം ഒരു വാക്യത്തിൽ വി. മത്തായി ശ്ലീഹാ ചുരുക്കുന്നു: "മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ 5:16). ലോകത്തിന്റെ പ്രകാശമായ യേശുവിനെ സ്വീകരിക്കുന്നതിലൂടെ നാം ലോകത്തിന്റെ യഥാർത്ഥ പ്രകാശമായി മാറണം. നമ്മുടെ ഹൃദത്തിനുള്ളിലെ ഈ പ്രകാശത്തിന്റെ രശ്മികളായ നമ്മുടെ നല്ല പ്രവൃത്തികളാണ് നമ്മുടെ സഹോദരീ സഹോദരങ്ങൾക്ക് ദൈവരാജ്യം വെളിപ്പെടുത്തിക്കൊടുക്കുന്നത്. മഹത്വത്തിന്റെ ഈ രാജ്യത്തിലേയ്ക്ക് പ്രവേശിക്കാനായി നാം നമ്മുടെ വഴികളിൽ നിന്ന് ദൈവത്തിന്റെ വഴികളിലേയ്ക്ക് നമ്മുടെ ജീവിതങ്ങളെ മാറ്റി പ്രതിഷ്ഠിക്കണം. ഇത് ദൈവത്തിലേയ്ക്കുള്ള ഒരു തിരിവാണ് (It is a turning towards God). വിശ്വാസം പ്രത്യാശ, സ്നേഹം എന്നീ പുണ്യങ്ങളോടൊപ്പം ഉപവി, കരുണ, സമാധാനം, നീതി, ക്ഷമ, കൃതജ്ഞത, സമത്വം, എന്നീ മൂല്യങ്ങൾ ദൈവരാജ്യത്തിന് അനുയോജ്യമായ ജീവിതം നയിക്കാൻ നമ്മെ സഹായിക്കും.

**3. ദൈവരാജ്യം പണിയാനുള്ള വിളി (A Call to Build the Kingdom of God)**

യേശു പ്രഖ്യാപിച്ചു: "സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു, അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്ക 1:15). പ്രഖ്യാപിക്കുക മാത്രമല്ല ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കാനായി യേശു തന്റെ ജീവിതം ഉഴിഞ്ഞു വച്ചു. നമ്മളും ഇതുപോലെ നമ്മുടെ ജീവിത ചുറ്റുപാടുകളിൽ ദൈവരാജ്യം പണിയാനായി വിളിക്കപ്പെട്ടിരിക്കുന്നു. ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്കെതിരെയുള്ള എല്ലാ പ്രതികൂല സാഹചര്യങ്ങളുടേയും മദ്ധ്യേ യേശുവിന്റെ സുഹൃത്തുക്കൾ ദൈവരാജ്യപണിക്കായി നിലക്കൊള്ളണം. എല്ലാവരേയും ദൈവഭരണത്തിൻ കീഴിൽ കൊണ്ടുവരിക എന്നതാണ് നമ്മുടെ മിഷൻ.

ദൈവരാജ്യത്തെ സോഷ്യലിസമായി നാം കരുതരുത്, മറിച്ച് ദൈവത്തിന്റെ സർവാധികാരം അംഗീകരിക്കുകയും അതനുസരിച്ചു ജീവിക്കുകയും ചെയ്യുന്ന ദൈവജനത്തിന്റെ കൂട്ടായ്മയാണിത്. പരോപകാര പ്രവൃത്തികൾ മാത്രം ചെയ്യുന്നതിലൂടെ ദൈവരാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കാമെന്ന സോഷ്യലിസത്തിന്റെ തത്വശാസ്ത്രം പലപ്പോഴും നമ്മെ തെറ്റിധരിപ്പിക്കാറുണ്ട്. പല യുവജനങ്ങളുടേയും മനസിലെ ചിന്ത ഇപ്രകാരമായതുകൊണ്ട് അവർ ദൈവത്തോടുള്ള അവരുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാതെ പരോപകാര പ്രവർത്തികളിൽ മാത്രം വ്യാപരിക്കുന്നു. അവരുടെ മതപരമായ കടമകൾ സൗകര്യപൂർവം വിസ്മരിച്ചിട്ട് സാമൂഹിക പ്രതിബദ്ധത ആഘോഷിക്കുന്നു. അവർ ഒരിക്കലും പ്രാർത്ഥിക്കുന്നില്ല; എന്നാൽ ദാനധർമ്മം നടത്തുന്നു. അവർ ദൈവാലയങ്ങളിലേയ്ക്ക് ഒരിക്കലും പോകുന്നില്ല; എന്നാൽ അനാഥാലയങ്ങൾ സന്ദർശിക്കുന്നു. അവർ പ്രോത്സാഹിപ്പിക്കുന്നത് നീതിയല്ല; മറിച്ച് ഔദാര്യമാണ്. അവർ സ്വന്തം മാതാപിതാക്കളെ ബഹുമാനിക്കുന്നില്ല; എന്നാൽ വയോധിക മന്ദിരങ്ങൾ സന്ദർശിക്കുന്നു. ഭവനത്തിലെ യാതൊരു ഉത്തരവാദിത്വവും ഏറ്റെടുക്കാത്ത അവർ സംഘടനകളിലും ക്ലബ്ബുകളിലും സജീവമാകുന്നു. ചുരുക്കത്തിൽ നമ്മുടെ വിളിയും നിയോഗവും വെറുമൊരു സാമൂഹിക ആഘോഷമായി തരംതാഴ്ത്തരുത്.

ദൈവരാജ്യത്തിന് അതിരുകൾ നാം നിശ്ചയിക്കരുത്. അത് എല്ലാവരേയും ഉൾക്കൊള്ളുന്നതാകണം. നമ്മുടെ 'ചെറിയ വലകളിൽ' (net works)നിന്നും ഗ്യാങ്ങുകളിൽ (gang) നിന്നും സാമൂഹിക കൂട്ടങ്ങളിൽ നിന്നും നാം പുറത്തുവരേണ്ടത് അത്യാവശ്യമാണ്. പാപം ഒഴികെയുള്ള എല്ലാറ്റിനോടും നമുക്ക് അടിസ്ഥാനപരമായ തുറവി ആവശ്യമാണ്. പരി. ഫ്രാൻസിസ് മാർപാപ്പാ യുവജനങ്ങളോട് ആവശ്യപ്പെടുന്നു: "ഞാൻ യുവജനങ്ങളോട് ആവശ്യപ്പെടുന്നത് നിങ്ങ

ളുടെ ചെറിയ സംഘങ്ങൾക്ക് അപ്പുറത്തേയ്ക്ക് പോയി എല്ലാവരും പൊതു നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന വിശാലമായ സാമൂഹികമായ സൗഹൃദങ്ങൾ കെട്ടിപ്പെടുക്കണം."[9] പൊതുനന്മ സാമൂഹിക പ്രവർത്തനമായി നാം ചുരുക്കാതെ ദൈവരാജ്യവുമായി ബന്ധിപ്പിക്കുന്നതാക്കണം. ആധുനിക സാങ്കേതിക വിദ്യകളും പ്രവണതകളും യുവജനങ്ങളെ ചെറിയ മുറികളിൽ – ജീവിക്കുന്നതോ പ്രവർത്തിക്കുന്നതോ – തളച്ചിടാറുണ്ട്. യഥാർത്ഥമായ മാനുഷിക ബന്ധങ്ങൾക്കു പകരം അയഥാർത്ഥമായ ബന്ധങ്ങളെ പ്രോത്സാഹിപ്പിക്കുകയും അത് ഭാവനയുടേയും വികാരങ്ങളുടേയും ഒരു ലോകത്തേയ്ക്ക് അവരെ തള്ളിയിടുകയും ചെയ്യുന്നു. ആ ലോകത്തിൽ അവർക്ക് പ്രത്യാശയോ സമാധാനമോ സന്തോഷമോ അനുഭവിക്കാൻ സാധിക്കില്ല. അതുകൊണ്ട് യുവജനങ്ങൾ ദൈവരാജ്യത്തിന്റെ വിസ്തൃതി ലോകത്തിന്റെ അതിർത്തികളോളം എത്തിക്കാനായി അവരുടെ ദർശനങ്ങളും ദൗത്യവും വിശാലമാക്കണം.

### 4. സ്വാതന്ത്ര്യത്തിലേയ്ക്കുള്ള വിളി (A Call to Freedom)

യുവജനങ്ങൾ ഏറെ സ്വാതന്ത്ര്യം ആഗ്രഹിക്കുന്നു. എന്താണ് യഥാർത്ഥ സ്വാതന്ത്ര്യം? ഇത് എന്തും ചെയ്യാനുള്ള അവകാശമാണോ? സ്വാതന്ത്ര്യത്തിന് പരിധികളുണ്ടോ? ഉദാ. ട്രാഫിക് നിയമങ്ങൾ പാലിക്കാതെ ബൈക്ക് ഓടിക്കുന്ന ഒരു യുവാവ് യഥാർത്ഥത്തിൽ സ്വാതന്ത്ര്യം അനുഭവിക്കുന്നുണ്ടോ? അവന്റെ സ്വാതന്ത്ര്യം അവനെ നയിക്കുന്നത് ജീവനിലേയ്ക്കല്ല; മറിച്ച് മരണത്തിലേയ്ക്കാണ്. നിയമങ്ങളും നിയന്ത്രണവുമില്ലാത്ത സ്വാതന്ത്ര്യം ചരടുപൊട്ടിയ പട്ടം പോലെയാണ്. അതിന് ദിശാബോധം നഷ്ടപ്പെടുന്നു. ആധുനിക എപ്പിക്ക്യൂറിയൻ ദർശനങ്ങൾ നൈമിഷികമായ വസ്തുക്കൾ ആസ്വദിക്കാനുള്ള സ്വാതന്ത്ര്യമാണ് നിർദ്ദേശിക്കുന്നത്. അത്തരം ആസ്വാദനങ്ങൾ ഒരാളെ നയിക്കുന്നത് അടിമത്തത്തിലേയ്ക്കാണ്, അല്ലാതെ സ്വാതന്ത്ര്യത്തിലേയ്ക്കല്ല; മരണത്തിലേയ്ക്കാണ്, അല്ലാതെ ജീവനിലേയ്ക്കല്ല. യേശു പറയുന്നു: "പാപം ചെയ്യുന്നവൻ പാപത്തിന്റെ അടിമയാണ്." (യോഹ 8:34)

"നിങ്ങൾ സത്യം അറിയുകയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും." (യോഹ 8:32). സത്യമറിയുന്നവർക്ക് ഉള്ളിൽ സ്വാതന്ത്ര്യം അനുഭവിക്കാനാകും. ആധുനിക ലോകം പലവിധമായ അടിമത്തങ്ങൾ യുവജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നു. ആഗോളവത്കൃത സംസ്ക്കാരത്തിന്റെ മുഖമുദ്ര പലവിധമായ 'വാദങ്ങളാണ്': ഉപഭോഗവാദം, വ്യക്തിമാഹാത്മ്യവാദം, ഭൗതീകവാദം, സാമ്പത്തികവാദം, തീവ്രവാദം, വിഭാഗീയവാദം, വർഗീയവാദം, മുതലായവ.[10] ഈ സംസ്ക്കാരത്തിൽ, ഇന്ദ്രിയസുഖദായകമായ കാര്യങ്ങളെ യാഥാർത്ഥ്യമെന്നും സത്യമെന്നും വ്യാഖ്യാനിക്കുന്നു. ആധുനിക മാധ്യമങ്ങൾ പ്രത്യേകിച്ച് ബഹുജനമാധ്യമങ്ങളും സാമൂഹിക സമ്പർക്ക മാധ്യമങ്ങളും ലോകത്തിലെ ആകർഷണങ്ങളും ലഹരികളും മനുഷ്യജീവിതത്തിൽ ഉപയോഗപ്രദമെന്നും സത്യമെന്നും അവതരിപ്പിക്കുന്നു. തന്മൂലം ഭൗതീകവാദത്തിന്റെ ഈ ലോകം സത്യത്തെക്കുറിച്ചുള്ള നമ്മുടെ അറിവിനെ തെറ്റിധരിപ്പിക്കുന്നു.

വി. അഗസ്തീനോസ് പ്രാർത്ഥിച്ചു: "കർത്താവേ, അങ്ങിൽ വിലയം പ്രാപിക്കുന്നതുവരെ എന്റെ ഹൃദയം അസ്വസ്ഥമാണ്."[11] മനുഷ്യജീവിതത്തിലെ അസ്വസ്ഥത ആത്മാവിന്റെ ദാഹത്തെ സൂചിപ്പിക്കുന്നു. പുതിയ വസ്തുക്കളെയും പുതിയ സ്ഥലങ്ങളെയും പുതിയ വ്യക്തികളെയും പരീക്ഷിച്ചുകഴിയുന്ന ഓരോ അനുഭവത്തിനുശേഷവും യുവജനങ്ങൾ പലപ്പോഴും ആന്തരികമായ ഈ അസ്വസ്ഥത അനുഭവിക്കുന്നവരാണ്, കാരണം ദൈവം സൃഷ്ടിച്ച ഒന്നിലും പൂർണമായ സംതൃപ്തി അനുഭവിക്കാൻ അവർക്ക് സാധിക്കില്ല. ഈ സത്യമറിയാതെ അവർ വിവിധങ്ങളായ വസ്തുക്കൾ, വ്യത്യസ്തങ്ങളായ വ്യക്തികൾ, വൈവിധ്യമാർന്ന സ്ഥലങ്ങൾ എന്നിവയുടെ പുറകെ പോയിട്ട് അവസാനം നിരാശരായി തീരുന്നു. സ്വാതന്ത്ര്യത്തിന്റെ പേരിൽ പല യുവജനങ്ങളും ഇപ്രകാരമുള്ള സാധനങ്ങളുടേയും വ്യക്തികളുടേയും അടിമകളായി മാറുന്നുണ്ട്. ഇങ്ങനെയുള്ള സ്വാതന്ത്ര്യത്തിന്റെ വിനിയോഗം മറ്റൊരു അടിമത്തമായി മാറുന്ന വിരോധാഭാസമാണ് നാം കാണുന്നത്. യഥാർത്ഥത്തിൽ അത്തരത്തിലുള്ളവർ പ്രചോദിതരാകുന്നത് സ്വാതന്ത്ര്യത്താലല്ല മറിച്ച് വികാരത്താലാണ്; യുവത്വത്തിന്റെ വികാരങ്ങളാൽ. സ്വാതന്ത്ര്യത്തെയും വൈകാരികതയേയും തമ്മിൽ വേർതിരിച്ചറിയാൻ യഥാർത്ഥ്യത്തെ അയഥാർത്ഥ്യത്തിൽ നിന്നും നിത്യതയെ താൽക്കാലികമായതിൽ നിന്നും, ജീവനെ മരണത്തിൽ നിന്നും വിവേചിച്ചറിയാൻ ഒരാൾക്ക് സാധിക്കണം. സ്വാതന്ത്ര്യം അനുഭവിക്കാത്ത ഒരു വ്യക്തിക്ക് തന്റെ ദൗത്യം പൂർത്തീകരിക്കാൻ സാധ്യമല്ല.

യുവജനങ്ങൾ പലപ്പോഴും സ്വാതന്ത്ര്യത്തെ അവരുടെ ഉത്തരവാദിത്വവുമായോ ദൗത്യവുമായോ ബന്ധപ്പെടുത്താറില്ല. കുടുംബജീവിതത്തിന്റേയും സാമൂഹിക ജീവിതത്തിന്റേയും സഭാത്മക ജീവിതത്തിന്റേയും മൂല്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയാതെ അത്തരം സംവിധാനങ്ങളെ അവർ നിഷേധിക്കുന്നു (ഇപ്പോഴത്തെ പ്രവണത അവമതിക്കലാണ്). തന്മൂലം അവർ ജീവിതത്തിൽ ഒരിക്കലും സത്യം സ്വന്തമാക്കുന്നില്ല. ആൾക്കൂട്ട മനഃശാസ്ത്രം നിർദ്ദേശിക്കുന്ന മുൻവിധികളോടുകൂടിയ നിലപാടുകളിൽ നിന്നും സമീപനങ്ങളിൽ നിന്നും പുറത്തുകടക്കാൻ അവർ ഏറെ കരുതലെടുക്കേണ്ടതാണ്. നമ്മുടെ ദൗത്യ നിർവ്വഹണത്തിൽ നാം യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കുകയും മറ്റുള്ളവരെ ക്രിസ്തു നൽകുന്ന ആ നിത്യസ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കുകയും ചെയ്യണം.

### 5. സത്യത്തെ പുൽകാനുള്ള വിളി (A Call to Embrace the Truth)

യേശു പറഞ്ഞു: "ഞാനാണ് വഴിയും സത്യവും ജീവനും" (യോഹ 14:6). നിത്യജീവനുവേണ്ടി ലോകത്തിനു വെളിപ്പെടുത്തപ്പെട്ട നിത്യസത്യം യേശു ക്രിസ്തുവാണ്. "പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരാകും " (യോഹ 8:36) കാരണം അവൻ നിത്യസത്യമാണ്, ജീവൻ നൽകുന്ന സത്യം. പരി. ഫ്രാൻസിസ് മാർപാപ്പാ ഈ നിത്യസത്യത്തെ 3 തലത്തിൽ വിശദീകരിക്കുന്നു: "ദൈവം നിങ്ങളെ സ്നേഹിക്കുന്നു; ക്രിസ്തുവാണ് നിങ്ങളുടെ രക്ഷകൻ; അവൻ നിത്യം ജീവിക്കുന്നു."[12] നാം വിളിക്കപ്പെട്ടിരിക്കുന്നത് ഈ സത്യം അറിയാൻ മാത്രമല്ല അതിനെ പുൽകാൻ കൂടിയാണ്. ഈ നിത്യസത്യത്തെ ആശ്ലേഷിക്കുന്നവർക്ക് യഥാർത്ഥ സ്വാതന്ത്ര്യവും ജീവനും അനുഭവിക്കാൻ സാധിക്കും.

ക്രിസ്തുവിനെ ആശ്ലേഷിക്കാൻ നാം തയ്യാറാണോ? ക്രിസ്തുവിനെപുൽകാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ടോ? നമ്മുടെ ജീവിതത്തിലെ എന്തെങ്കിലും നമ്മെ ക്രിസ്തുവിൽ നിന്ന് അകറ്റുന്നുണ്ടോ? ഈ ഫാഷൻ ലോകത്തിൽ, തങ്ങൾ ക്രിസ്തുവിന്റേതാണ് എന്ന് തോന്നിപ്പിക്കുന്ന അടയാളങ്ങൾ ധരിക്കാൻ യുവജനങ്ങൾ ഏറെ ഇഷ്ടപ്പെടുന്നു. എന്നാൽ അവരുടെ ജീവിതത്തിൽ, പ്രത്യേകിച്ച് വേദനാജനകമോ ലൗകീകാദായമുള്ളതോ ആയ സാഹചര്യങ്ങളിൽ അവരൊരിക്കലും ക്രിസ്തുവിനുവേണ്ടി തെരഞ്ഞെടുപ്പ് നടത്തുന്നില്ല. ക്രിസ്തുവിനെപുൽകുന്നത് ഒരു ഫാഷനായിട്ടായിരിക്കരുത്; പിന്നയോ ആവേശമായിട്ടായിരിക്കണം (not fashion but

passion). യുവജനങ്ങളെ സംബന്ധിച്ച് പരസ്യവും രഹസ്യവുമായ ജീവിതത്തിൽ ക്രിസ്തുവിനെആശ്ലേഷിക്കുന്നത് ഒരു വെല്ലുവിളിയാണ്.

ക്രിസ്തുവിനെ പുൽകുന്ന വ്യക്തി എല്ലാ സഹചര്യങ്ങളിലും ക്രിസ്തുവിനുവേണ്ടി അടിസ്ഥാനപരമായ ഒരു തെരഞ്ഞെടുപ്പ് നടത്തണം. ജീവിതത്തിന്റെ വിലകൊണ്ട് ക്രിസ്തുവിനെ ആശ്ലേഷിച്ച വിശുദ്ധ മഹത്വ്യക്തികളുണ്ട്. ഈ ലോകത്തിലും വരാനിരിക്കുന്ന ലോകത്തിലും ക്രിസ്തുവിനോടൊപ്പമായിരിക്കാൻ രക്തം ചിന്തിയവരാണവർ. രക്തസാക്ഷിത്വം ക്രിസ്തുവിനുവേണ്ടി നടത്തുന്ന വിലമതിക്കാനാവാത്ത ഒരു തെരഞ്ഞെടുപ്പാണ്. രാവും പകലും സ്തുതിപ്പുകളാലും ആരാധനയാലും ക്രിസ്തുവിനോടുകൂടി ആയിരിക്കുന്ന അനേകം അറിപ്പെടാത്ത വിശുദ്ധരും ഈ ലോകത്തിലുണ്ട്. ഒരാൾ വിശുദ്ധൻ/വിശുദ്ധ ആകുന്നത് നാളെയല്ല, ഇന്നാണ്. അതിനാൽ യുവജനങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത് നാള ത്തെ വിശുദ്ധരാകാനല്ല, ഇന്നത്തെ വിശുദ്ധരാകാനാണ്. പരി. ഫ്രാൻസിസ് മാർപാപ്പാ യുവജനങ്ങളോട് പറയുന്നു: "യുവകത്തോലിക്കർ, പലരും ചിന്തിക്കുന്നതുപോലെ, നാളെത്തെ സഭയല്ല; മറിച്ച് അവർ ഇന്നത്തെ സഭയാണ്."

യേശു ശിരസും തിരുസഭ ശരീരവുമാണ്. ശരീരത്തെ ആശ്ലേഷിക്കാതെ ആർക്കും ശിരസിനെ ആശ്ലേഷിക്കാനാകില്ല. ക്രിസ്തുവിനെ സ്നേഹിക്കുന്നു സഭയെ വെറുക്കുന്നു എന്നു പറയുന്നവരിലേയ്ക്ക് ധാരാളം യുവജനങ്ങൾ ആഘർഷിക്കപ്പെടുന്നുണ്ട്. ക്രിസ്തുവിനുവേണ്ടി നാം നടത്തുന്ന തെരഞ്ഞെടുപ്പ് അതിനാൽ തന്നെ ഒരേസമയം ഏകവും വിശുദ്ധവും ശ്ലൈഹികവും കാതോലികവുമായ തിരുസഭയ്ക്കുവേണ്ടി കൂടിയുള്ള തെരഞ്ഞെടുപ്പാണ് എന്ന സത്യം അവർ വിസ്മരിക്കുന്നു. സഭയെ ആശ്ലേഷിക്കുന്നതിന് ദൈവീകവും മാനുഷികവുമായ സഭയെ പൂർണമായി അംഗീകരിച്ച് സ്വീകരിക്കുന്നത് ആവശ്യമാണ്. അതിനാൽ നാം സഭയുടെ താഴ്ചയിലും വീഴ്ചയിലും ഒരുപോലെ അഭിമാനിക്കുന്നവരാകണം. ഈ ആശ്ലേഷണം സൗകര്യപ്രദമായ തെരഞ്ഞെടുപ്പാകരുത്.

### 6. ജീവനിലേയ്ക്കുള്ള വിളി (A Call to Life)

യേശു പറഞ്ഞു: "ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകാനുമാണ്." (യോഹ 10:10). അവനിൽ ജീവന്റെ സമൃദ്ധി നാം കാണുന്നു. ക്രിസ്തുവിലായിരിക്കുന്നവർക്ക് ജീവന്റെ സമൃദ്ധി ലഭിക്കുന്നു. "നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും. മുന്തിരിച്ചെടിയിൽ നിൽക്കാതെ ശാഖയ്ക്ക് സ്വയമേവ ഫലം പുറപ്പെടുവിക്കാൻ സാധിക്കാത്തതുപോലെ, എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും സാധിക്കുകയില്ല" (യോഹ 15:4). ക്രിസ്തുവിലാണ് ഒരുവൻ ഫലം പുറപ്പെടുവിക്കുന്നത്, അത് ജീവന്റെ സമൃദ്ധിയുടെ അടയാളമാണ്.

യേശുക്രിസ്തു ജീവൻ നൽകുന്ന ജലമാണ്. "ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല. ഞാൻ നൽകുന്ന ജലം അവനിൽ നിത്യജീവനിലേയ്ക്ക് നിർഗളിക്കുന്ന അരുവിയാകും" (യോഹ 4:14). ഓരോ നിമിഷവും അവന്റെ അടുക്കലേയ്ക്ക് ചെന്ന് അവനിൽ നിന്ന് കുടിക്കാൻ ക്രിസ്തു നമ്മെ ക്ഷണിക്കുന്നു. അതിലുപരി ക്രിസ്തുവിൽ നിന്ന് കുടിക്കുന്നവരിൽ നിന്ന് പുതിയ അരുവികൾ പുറപ്പെടുന്നതാണ്. ഇവിടെ നമുക്കൊരു ദൗത്യമുണ്ട്: എല്ലാവരേയും ജീവന്റെ ഉറവയായ ക്രിസ്തുവിലേയ്ക്ക് ആനയിക്കുക. ഇത് ജീവന്റെ ദൗത്യമാണ്: കൂടുതൽ കരുണയും ധീരതയും ആവശ്യമായ ഒരു മിഷൻ.

ക്രിസ്തു സ്വർഗത്തിൽ നിന്ന് ഇറങ്ങിയ ജീവനുള്ള അപ്പമാണ്. ഓരോ ദിവസവും ഈ സ്വർഗീയ ഭോജനത്തിലേയ്ക്ക് നമ്മെ ക്ഷണിച്ചുകൊണ്ട് യേശു പറയുന്നു: "സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽ നിന്നു ഭക്ഷിച്ചാൽ അവൻ എന്നേയ്ക്കും ജീവിക്കും" (യോഹ 6:51). അവൻ ഇറങ്ങി വന്നത് മുറിക്കപ്പെടാനും മറ്റുള്ളവർക്കായി നൽകപ്പെടാനുമാണ്. ക്രിസ്തുവിന്റെ ഈ പ്രവൃത്തി ചരിത്രപരമാണ് എന്നാൽ കഴിഞ്ഞുപോയതല്ല. ഓരോ ദിവസവും സഭയിലെ സൗഹൃത്തിന്റെ മേശയിൽ ക്രിസ്തുവാകുന്ന അപ്പം വിഭജിക്കപ്പെടുകയാണ്. മുറിക്കപ്പെടുന്നതും നൽകുന്നതും അവന്റെ ജീവദായകമായ ദൗത്യത്തിന്റെ ഭാഗമാണ്. അതുപോലെ നാമോരോരുത്തരും വിഭജിക്കപ്പെടാനും മറ്റുള്ളവർക്കായി മുറിച്ചു നൽകാനുമായി വിളിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ കൂട്ടായ്മ അതിനാൽ തന്നെ മുറിക്കപ്പെടാനും നൽകപ്പെടാനുമുള്ള ഒരു ശുശ്രൂഷയാണ്. സ്വയം മുറിക്കപ്പെടുക എന്നത് കൂടുതൽ നിശ്ചയധാർഢ്യവും സമർപ്പണവും ആവശ്യമായ ഒരു ധീര പ്രവൃത്തിയാണ്.

കൂദാശകൾ ജീവദായകമായ അരുവികളാണ്; കൃപയുടെ നീർച്ചാലുകൾ. കത്തോലിക്കരായിരിക്കുന്നതിലൂടെ നാമെല്ലാവരും ലോകത്തിന് ജീവൻ പ്രദാനം ചെയ്യുന്ന ഏഴ് കൂദാശകളാൽ അനുഗ്രഹീതരാണ്. ക്രിസ്തുവിൽ വളരാൻ ആഗ്രഹിക്കുന്നവർ കൂദാശകൾ മുടക്കം കൂടാതെ സ്വീകരിക്കേണ്ടതാണ്. യോഗ്യതയോടുകൂടി കൂദാശകൾ സ്വീകരിക്കുന്നവർ ജീവന്റെ സമൃദ്ധി പ്രാപിക്കുന്നു. കൂദാശകളെക്കുറിച്ചുള്ള ശരിയായ അറിവ്, അവ സ്വീകരിക്കാനുള്ള കൃത്യമായ തയ്യാറെടുപ്പ്, അതിന്റെ ആഘോഷങ്ങളിലുള്ള പൂർണമായ പങ്കാളിത്തം, അതിലുപരി സുവിശേഷമുല്യങ്ങളനുസരിച്ചുള്ള ഒരു ജീവിതക്രമം എന്നിവയാണ് സ്വീകർത്താക്കളുടെ യോഗ്യത നിശ്ചയിക്കുന്നത്.

ക്രിസ്തുവിന്റെ മണവാട്ടിയും നമ്മുടെ അമ്മയുമായ തിരുസഭ വിവിധ കൂദാശകൾ പരികർമ്മം ചെയ്തുകൊണ്ട് നമ്മെ നിത്യജീവൻ നൽകി വളർത്തുന്നു. അവൾ നമ്മുടെ ജീവിതത്തെ പരിപാലിക്കുന്നു. എല്ലാവിധ മരണസംസ്ക്കാരത്തിൽ നിന്നും അവൾ നമ്മെ സംരക്ഷിക്കുന്നു. ജീവന്റെ സമൃദ്ധിയിലേയ്ക്ക് നമ്മെ ആനയിക്കുന്നു. അവളുടെ ചിറകിൻ കീഴിൽ നാം സുരക്ഷിതരാണ്. ക്രിസ്തുവിനോടുകൂടെ ആയിരിക്കുന്നവർ അവന്റെ മണവാട്ടിയും മൗതികശരീരവുമായ തിരുസഭാ മാതാവിനോടുംകൂടെ ആയിരിക്കണം. ഈ സത്യം തിരിച്ചറിഞ്ഞ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് സന്തോഷത്തോടുകൂടി നമ്മെ ഓർമപ്പെടുത്തുന്നു: "കത്തോലിക്കരായിരിക്കുന്നതിൽ നിങ്ങൾ അഭിമാനിക്കുവിൻ."[13] കത്തോലിക്കരാകുന്നതും കത്തോലിക്കാരായി തുടരുന്നതും ഒരു അനുഗ്രഹവും വെല്ലുവിളിയുമാണ്.

ക്രിസ്തുവിനെപ്പോലെ നമുക്കും മൂന്നു നിയോഗങ്ങളുണ്ട് - പ്രവാചക ദൗത്യം, രാജകീയ ദൗത്യം പൗരോഹിത്യ ദൗത്യം). നാം ഏതുരൂപത്തിലേയും മരണത്തിനെതിരെ പ്രതികരിക്കുന്ന ജീവന്റെ പ്രവാചകന്മാരാണ്; നാം ഗർഭപാത്രം മുതൽ കബറു വരെയുള്ള ജീവനെ, ഏതുരൂപത്തിലേയും, സംരക്ഷിക്കുന്ന രാജാക്കന്മാരണ്; നാം ഓരോ നിമിഷവും ജീവനെ വിശുദ്ധീകരിക്കുന്ന പുരോഹിതരാണ്. കത്തോലിക്കാ സഭയിൽ നാം ജീവന്റെ പ്രേഷിതരായി വിളിക്കപ്പെട്ടിരിക്കുന്നു. ഈ ദൗത്യം രക്തസാക്ഷികൾ അവരുടെ രക്തംകൊണ്ട് മുദ്രയിട്ടു; വിശുദ്ധർ അവരുടെ ജീവിത വിശുദ്ധികൊണ്ട് അടയാളപ്പെടുത്തി; സഭാപിതാക്കന്മാർ അവരുടെ പ്രബോധനത്തിലൂടെ പ്രഘോഷിച്ചു. അങ്ങനെ ജീവന്റെ സംരക്ഷണത്തിന്റെ ഒരു സുദീർഘമായ ചരിത്രം കത്തോലിക്കാ സഭയ്ക്കുണ്ട്. ഈ നീണ്ട ചരിത്രത്തിന്റെ ആനുകാലിക തലമുറയെന്ന നിലയിൽ യുവജനങ്ങൾ ജീവദായകമായ ഈ ദൗത്യത്തിന്റെ സജീവ ഭാഗഭാക്കുകളാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. പ്രവാചക തീക്ഷ്ണതയോടെ ഈ വിളി നമുക്ക് സ്വീകരിക്കാം.

### 7. അധികം ധൈര്യം അനിവാര്യമായ ഒരു വിളി (A Call that Demands More Courage)

ആർക്കാണ് ക്രിസ്തുവിന്റെ യഥാർത്ഥ പ്രേഷിതരാകാൻ സാധിക്കുക? ക്രിസ്തുവിനു പകരം ആർക്കാണ് പ്രവർത്തിക്കാനാകുക? ആർക്കാണ് യേശുവിനു വേണ്ടി സംസാരിക്കാൻ സാധിക്കുക? ജീവിതത്തിന്റെ വിളുമ്പിലുള്ളരുടെ അടുക്കലേയ്ക്ക് ക്രിസ്തു നാമത്തിൽ ആർക്കാണ് ഇറങ്ങി ചെല്ലാൻ സാധിക്കുക? ക്രിസ്തുവിനുവേണ്ടി മുറിക്കപ്പെടാൻ ആരാണ് തയ്യാറാകുക? ആർക്കാണ് ക്രിസ്തുവിനു വേണ്ടി മുറിവേൽക്കാൻ സാധിക്കുക? ഈ കാലഘട്ടം, ക്രിസ്തുവിന്റെ കരുണാർദ്ര സ്നേഹം ഈ ലോകത്തിൽ കാണിക്കുവാൻ കഴിയുന്ന അനേകം പ്രേഷിതരെ ആവശ്യപ്പെടുന്നു.

നാം ജീവിക്കുന്ന ലോകം നന്മയ്ക്കു പകരം തിന്മ പ്രോത്സാഹിപ്പിക്കുന്നു; നീതിക്കു പകരം അക്രമം വളർത്തുന്നു; പരസ്നേഹത്തിനുപകരം സ്വാർത്ഥത പ്രോത്സാഹിപ്പിക്കുന്നു; മൂല്യങ്ങൾക്കു പകരം സുഖമന്വേഷിക്കുന്നു; സ്നേഹത്തിനുപകരം വിദ്വേഷം വിതയ്ക്കുന്നു; ജീവനു പകരം മരണം കൊണ്ടുവരുന്നു. ഈ സാഹചര്യത്തിൽ നമ്മുടെ വിശ്വാസം ജീവിക്കുന്നതും ദൈവരാജ്യം നിർമ്മിക്കുന്നതും ഏറെ വെല്ലുവിളി നിറഞ്ഞ കാര്യമാണ്. നമ്മുടെ ദൗത്യം പൂർത്തീകരിക്കുന്നതിന് ഉറച്ച നിശ്ചയദാർഢ്യവും ജീവിതാവസാനം വരെ നീണ്ടു നിൽക്കുന്ന തീരുമാനവും, ജീവിതത്തിൽ സ്ഥിരതയും അനിവാര്യമാണ്. ഈ മിഷൻ വെല്ലുവിളി നിറഞ്ഞതാണ് അത് നിറവേറ്റാൻ കൂടുതൽ ധൈര്യം അനിവാര്യമാണ്. അവസാനശ്വാസം വരെ പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള ധിക്ഷണാശക്തിയുണ്ടെങ്കിൽ മാത്രമേ നിങ്ങൾക്ക് ഈ ദൗത്യം പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ.

ഉറങ്ങുവാനുള്ള പ്രലോഭനം- ജീവിത ദൗത്യത്തോട് കണ്ണടയ്ക്കാനുള്ള പ്രലോഭനം- എപ്പോഴും നമുക്കുണ്ട്. അനേകം യുവജനങ്ങൾ ഉറക്കത്തിലാണ്, തങ്ങളുടെ ദൗത്യം തിരിച്ചറിയാതെ. യാന്ത്രികതയുടേയും സാങ്കേതിക വിദ്യയുടേതുമായ ലോകത്തിൽ തങ്ങൾക്കു ചുറ്റും നടക്കുന്നതിനെക്കുറിച്ചറിയാതെ അവർ ഉറക്കത്തിലാണ്. കർത്താവ് ഗത്സമേൻ തോട്ടത്തിൽ പീഢാസഹനങ്ങളുടെ തീവ്രസമയത്ത് തന്റെ പ്രിയ സുഹൃത്ത് പത്രോസിനോട് ചോദിച്ചത് ഇപ്പോൾ നമ്മോടും ചോദിക്കുന്നു: "എന്നോടുകൂടെ ഒരുമണിക്കൂർ ഉണർന്നിരിക്കാൻ നിങ്ങൾക്കു കഴിഞ്ഞില്ലേ?" (മത്താ 26:40). ഇത് ആദ്യ സഹോദരങ്ങളിലൊരുവനോട് ദൈവമായ കർത്താവ് ചോദിച്ച ചോദ്യത്തിന്റെ പ്രതിധ്വനിയാണ്: "നിന്റെ സഹോദരൻ എവിടെ?" (ഉൽപ 4:9). ഈ ചോദ്യങ്ങളോട് പ്രത്യുത്തരിക്കാൻ നമുക്ക് അധികമായ നിശ്ചയദാർഢ്യം ആവശ്യമാണ്.

പരി. ഫ്രാൻസിസ് മാർപാപ്പാ പറയുന്നു: "യുവജനങ്ങൾ നഷ്ടധൈര്യരാകരുത്; അവർ വലിയ കാര്യങ്ങൾ സ്വപ്നം കാണാനും, വിശാലമായ വീക്ഷണങ്ങൾ അന്വേഷിക്കാനും, ഔന്നത്യം ലക്ഷ്യം വയ്ക്കാനും, ഈ ലോകത്തെ ഏറ്റെടുക്കാനും അതിന്റെ വെല്ലുവിളികളെ സ്വീകരിക്കാനും അവരെക്കൊണ്ട് സാധ്യമായ സംഭാവനചെയ്തുകൊണ്ട് കുടുതൽ മെച്ചമായവ പണിതുയർത്താനും ഉള്ളവരാണ്."[14] ആളുകൾ യുവജനങ്ങളെ വിമർശിക്കാറുണ്ട്, അവരുടെ ഏടുത്തുചാടിയുള്ള പ്രവർത്തശൈലിയെ പ്രതിയോ, പെട്ടെന്നുള്ള പ്രതികരണത്തെ പ്രതിയോ, കൂട്ടുകൂടിയുള്ള പ്രവർത്തനത്തെ പ്രതിയോ, അവരുടെ ഫാഷൻ പ്രവണതകളെ പ്രതിയോ, ചിലസമയങ്ങളിൽ അവരുടെ നിശബ്ദതയോ നിഷ്ക്രിയത്വത്തെയോ പ്രതിയോ ആയിരിക്കും. ന്യൂജനറേഷനോടുള്ള പഴയ തലമുറയുടെ വലിയ പ്രതീക്ഷകളാണ് ഇതിൽ പ്രതിഫലിക്കുന്നത്. ലോകത്തിന്റെ പ്രതീക്ഷ യുവജനങ്ങൾക്കു ഒരു വെല്ലുവിളിയാണ്. അത് നിറവേറ്റുക എന്നതാണ് യുവജനങ്ങളുടെ വിളിയും നിയോഗവും.

ഈ ആധുനിക കാലഘട്ടത്തിലെ നമ്മുടെ പ്രേഷിത ദൗത്യം കൂടുതൽ നിശ്ചയദാർഢ്യവും സമർപ്പണവും, കൂടുതൽ സമയവും സ്ഥലവും, അധികമായ ഊർജ്ജ്വവും ആവേശവും, കൂടുതൽ സമർപ്പണവും ധൈര്യവും ആവശ്യപ്പെടുന്നുണ്ട്. ദൈവത്തിലാശ്രയിക്കുന്നവർക്കു മാത്രമേ കരിമേഘങ്ങൾക്ക് മുകളിലൂടെ പറക്കാൻ സാധിക്കുകയുള്ളൂ. ഏശയ്യാ പ്രവാചകൻ പറയുന്നു: "എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടന്നാലും തളരുകയില്ല" (40:31). നിങ്ങൾ ക്രിസ്തുവിനോടു കൂടെ ആയിരുന്നാൽ നിങ്ങളുടെ വിളിക്കെതിരെയുള്ള എല്ലാ പ്രലോഭനങ്ങളേയും അതിജീവിക്കാനുള്ള ശക്തി ലഭിക്കുന്നതാണ്. കത്തോലിക്കാ സഭയക്ക് യുവജനങ്ങളെക്കുറിച്ച് വലിയ പ്രത്യാശയുണ്ട്. "പ്രിയ യുവജനങ്ങളെ, അവൻ (ക്രിസ്തു), നിങ്ങളെ സ്നേഹിക്കുന്നു, കാരണം അവന് പ്രകാശവും പ്രത്യാശയും പരത്താനുള്ള മാർഗങ്ങൾ നിങ്ങളാണ്. നിങ്ങളുടെ ധൈര്യത്തെയും നിശ്ചയദാർഢ്യത്തേയും ആവേശത്തേയും അവൻ പരിഗണിക്കുന്നു."[15] അതുകൊണ്ട് നമുക്ക് ധിഷണാശാലികളായ പ്രേഷിതരാകാം.

### യുവജനങ്ങളെ, നിങ്ങൾ തയ്യാറാണോ? (Youth, Are You Ready?)

യേശു യുവജനങ്ങളെ വിളിക്കാൻ കാരണം അവർക്ക് അവരുടെ മുൻതലമുറയെക്കാൾ മെച്ചമായി കാലത്തിന്റെ അടയാളങ്ങൾ വായിച്ചെടുക്കാൻ സാധിക്കുന്നതുകൊണ്ടാണ്. സാങ്കേതി വിദ്യ ഇക്കാര്യത്തിൽ എറെ സഹായപ്രദമാണ്. നമ്മുടെ ദൗത്യം ഒറ്റപ്പെട്ടു ചെയ്യേണ്ടതല്ല. നമ്മുടെ പൂർവീകർ നിർവഹിച്ച ദൗത്യമാണ് നാം തുടരുന്നത്, എന്നാൽ ആനുകാലിക വെല്ലുവിളികളുടെ സാഹര്യത്തിലാണെന്നു മാത്രം. അതേസമയം, പഴയതലമുറയ്ക്ക് ജീവനും മരണവും വിവേചിച്ചറിയാൻ സാധിക്കുന്ന അവരുടെ വിജ്ഞാനം കൊണ്ട് യുവജനങ്ങളെ സഹായിക്കാനാകും. അങ്ങനെ ജ്ഞാനവും സാങ്കേതികതയും സമ്മേളിക്കുമ്പോൾ ക്രിസ്തുവിന്റെ ദൗത്യം ഏറ്റെടുക്കുന്നതിൽ യുവത്വം കൂടുതൽ ശക്തമാകുന്നു.

യേശുവിന്റെ വിളി നമ്മിൽ നിന്നാവശ്യപ്പെടുന്നത് നമ്മുടെ അനുകൂലവും സ്വതന്ത്രവുമായ പ്രത്യുത്തരമാണ്. ഈ സമകാലീന ലോകത്തിലെ ഉയർച്ച താഴ്ചകളോട് പ്രത്യുത്തരിച്ചുകൊണ്ട് വലിയ കാര്യങ്ങൾ ചെയ്യാനുള്ള വിളിയാണിത്. ജീവൻ നൽകുന്ന ഉറവിയിൽ നിന്ന് പ്രവഹിക്കുന്ന അരുവികളാകാനാണ് ഈ വിളി. അപ്പസ്തോലന്മാരെ വിളിച്ചതുപോലെ ഇന്നും വെല്ലുവിളികൾ നിറഞ്ഞ ഈ വിളിയേറ്റെടുക്കാൻ യുവജനങ്ങളെ യേശു വിളിക്കുന്നു. നിങ്ങൾ തയ്യാറാണോ? ഈ വിളിയോട് പ്രത്യുത്തരിക്കാൻ നിങ്ങൾ തയ്യാറാണോ? നിങ്ങളുടെ വിളിയുടെ വില നൽകാൻ നിങ്ങൾ തയ്യാറാണോ? വിശുദ്ധ രക്തസാക്ഷികളെപ്പോലെ നിങ്ങളുടെ വിളിയെ രക്തംകൊണ്ട് മുദ്രയിടാൻ നിങ്ങൾ തയ്യാറാണോ? ഈ പ്രേഷിത ദൗത്യം ഏറ്റെടുക്കാൻ തക്കവിധം നിങ്ങൾ ധൈര്യശാലികളാണോ?

**(ഫാ. ഡോ. പ്രഭീഷ് ജോർജ്ജ്, പാറശാല രൂപത എം.സി.വൈ.എം. ഡയറക്ടർ)**

2020ലെ എം.സി.വൈ.എം. തീം – 'യുവത്വം ധീര പ്രേഷിതരാകുവാനുള്ള ഒരു വിളി' എന്നതിനായി തയ്യാറാക്കിയ പഠനരേഖ



# മുഖംമൂടി

താരാപഥങ്ങളിൽ വിസ്മയം തീർത്തവർ
മുഖം വെറും ശീലയാൽ മൂടിടുന്നു
ചിരിക്കില്ല കരയില്ല ഭാവങ്ങൾ നിറയില്ല
ചുറ്റും മരവിച്ച കണ്ണുകൾ മാത്രം


അതിരില്ലാതാകാശം നീന്തിത്തുടിച്ചവർ
അകത്തളം തന്നിലായ് കുടിയിരിപ്പു
മർത്യാ നീ ഓർക്കുക നീ എത്ര ശൂന്യൻ
മാറി മറിഞ്ഞിടും ജീവിതരേഖകൾ

അമ്പിളി അനീഷ്
തിരുഹൃദയ മലങ്കര കത്തോലിക്കാ ഇടവക
കടമാൻകുളം

# ബസാലേൽ

രേണു തോമസ്, മുരിക്കടി

എന്നും പുസ്തകങ്ങൾ മുതൽക്കൂട്ടായി സ്നേഹിച്ചത് കൊണ്ട് ഒരപരിചിതനിൽ നിന്നും ' ബസാലേൽ ' എന്ന പുസ്തകം കയ്യിലേക്ക് വരുമ്പോൾ എന്തോ മനസ്സിൽ ഇരുന്നു മന്ത്രിച്ചു ഇതാണ് ഞാൻ അന്വേഷിച്ച എന്റെ ആത്മാവിന്റെ മന്ത്രികതയെ സ്പർശിക്കാൻ പോകുന്ന ഒരു സത്യമെന്ന്. ശരിയാണ്, അതിന്റെ ഉള്ളടക്കം എന്നിലേക്ക് പടർന്നിറങ്ങുകയായിരുന്നു .
ഉപേക്ഷിക്കലിന്റെ സങ്കീർത്തനം , ദൈവത്തിന്റെ ഇടപെടൽ വെളിപാടുകൾ പോലെ മനസ്സിനെ പിടിച്ചുലച്ചുകളഞ്ഞു . അവസാന വരികളിലേക്ക് കണ്ണുകൾ എത്തുന്നതിനു മുൻപ് ശരീരത്തിൽ ഒരു വിറയൽ പടരുന്നു, ശ്വാസം എടുക്കാൻ തടസ്സം പോലെ, കണ്ണുകൾ അടയുന്നു ... നാല് ദിവസമെടുത്തത്രെ കണ്ണു തുറക്കാൻ. കണ്ണുതുറക്കുമ്പോൾ മുന്നിൽ നിൽക്കുന്നത് മാലാഖയോ ! അല്ല ഒന്നും കാണാൻ പറ്റുന്നതുപോലെയല്ല എല്ലാം മറച്ചിരിക്കുന്നു.. എനിക്കും എന്നിലേക്കും അകലം.. ഒറ്റപെടുത്തിയോ , ഉപേക്ഷിക്കലാണോ... വികാരിയായ എസക്കിയേലച്ചൻ ഫോണിലൂടെ പറഞ്ഞപ്പോളാണ് എന്റെ രോഗവിവരം ഉൾക്കൊള്ളാൻ കഴിഞ്ഞത് . വൈദ്യശാസ്ത്രം കണ്ടെത്താത്ത മരുന്നിന്റെ രോഗം ഭൂഖണ്ഡങ്ങളിലൂടെ കടന്ന് എന്നെ തേടിയെത്തിയിരിക്കുന്നു ..
ഒരപരിചിതനിൽനിന്നു പുസ്തകം വാങ്ങിയത് ഞാൻ ചെയ്ത അശ്രദ്ധ ആണോ ? അതോ എന്റെ തെറ്റോ ? ബസാലേൽ നീ ഉപേക്ഷിക്കപെട്ടവൻ ആയിരുന്നു , നിന്നോട് അനുരൂപപെട്ടുകൊണ്ട് ഞാനും ഉപേക്ഷിക്കലിന്റെ വക്കിൽ എത്തിയിരിക്കുന്നു ... നന്ദിയുടെ ഒരു വാക്കും . അവസാന കുമ്പസാരവും നടത്താനാകാതെയും, ഈ ഡയറിയുടെ മുഴുവൻ പേജുകൾ മഷി പുരളാത്ത പോകുന്നു ..
ഉപേക്ഷിക്കലിന്റെ സങ്കിർത്തനം തന്നവനിലേക്ക്....



# പാദമുദ്രകൾ

എം.സി.വൈ.എം. മുൻകാല നേതാക്കന്മാരുടെ ഓർമ്മ കുറിപ്പുകൾ




മോൻസൺ കെ. മാത്യു

എം.സി.വൈ.എം പ്രസ്ഥാനത്തിൽ പതിനേഴ് വർഷക്കാലം പ്രവർത്തിച്ചിരുന്നു. എം.സി.വൈ.എംന്റെ എല്ലാ ഘടക ങ്ങളിലും നേതൃത്വം വഹിക്കുവാനുള്ള അപൂർവ്വമായ ഭാഗ്യം എനിക്ക് ലഭിച്ചു. ഞാൻ അന്ന് തിരുവനന്തപുരം അതിരൂപതയിൽ പ്പെട്ട കോന്നി വൈദിക ജില്ലയിലെ വള്ളിക്കോട് കോട്ടയം ഇടവകയിലെ അംഗമായിരുന്നു. ഇടവക യൂണിറ്റ് അംഗമായി പ്രവർത്തനമാരംഭിച്ച ഞാൻ തുടർന്ന് യൂണിറ്റ് പ്രസിഡന്റായി. തൊട്ടടുത്ത തവണ നടന്ന ജില്ലാ തെരഞ്ഞെടുപ്പിൽ കോന്നി വൈദിക ജില്ലയുടെ പ്രസിഡന്റായി. തുടർന്ന് കോന്നി വൈദിക ജില്ലയെ പ്രതിനിധീകരിച്ച് അതിരൂപതാ സമിതി സെനറ്റ് അംഗമായി. ആ കാലഘട്ടത്തിൽ നടന്ന തീർത്ഥാടന പദയാത്രകളിലെ അനൗൺസ്മെന്റിലൂടെയും പ്രസംഗങ്ങളിലൂടെയും എം.സി. വൈ.എം അംഗങ്ങൾക്കിടയിൽ സുപരിചിതനായി. 1986-ജനുവരിയിൽ അടൂരിൽ വച്ച് നടന്ന അതിരൂപത തെരഞ്ഞെടുപ്പിൽ അതിരൂപത ജനറൽ സെക്രട്ടറിയായി. 1988-ൽ അതിരുങ്കൽ വെച്ച് നടന്ന അടുത്ത തെരഞ്ഞെടുപ്പിൽ അതിരൂപതാ പ്രസിഡന്റായി. ഈ കാലഘട്ടത്തിലാണ് എം.സി. വൈ.എം ദേശീയ സമിതി രൂപീകരണത്തിന്റെ ആലോചനകൾ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവിന്റെ നേതൃത്വത്തിൽ നടക്കുന്നതും എം.സി.വൈ.എം ദേശീയസമിതി 1990-ൽ രൂപം കൊള്ളുന്നതും. തുടർന്ന് എം.സി.വൈ.എം ദേശീയ സമിതിയുടെ ആദ്യ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. എം.സി.വൈ.എം യൂണിറ്റ് തലം മുതൽ സഭാതലം

എം.സി.വൈ.എം. ആദ്യകാല എംബ്ലം

വരെയുള്ള നാല് ഘടകങ്ങളിലും പ്രസിഡന്റ് പദവി വഹിക്കുവാൻ ഭാഗ്യമുണ്ടായി. എം.സി.വൈ.എം പ്രസ്ഥാനത്തിൽ പ്രവർത്തിച്ചതു കൊണ്ട് ജീവിതവീക്ഷണത്തിൽ ഉണ്ടായ മാറ്റങ്ങളെ കുറിച്ച് ആലോചിക്കുമ്പോൾ പെട്ടെന്ന് ഒരു ഉത്തരം ലഭിക്കുന്നില്ല. കാരണം മനസ്സിലാകണമെങ്കിൽ ആ കാലഘട്ടത്തെ കൂടി വിശകലനം ചെയ്യേണ്ടി വരും. 1980-1990 കാലഘട്ടങ്ങൾ സാങ്കേതികപരമായും സാമൂഹികപരമായും ആശയപരമായും ഏറെ പരിവർത്തന വിധേയമായിക്കൊണ്ടിരുന്ന കാലഘട്ടമാണ്. നിരീശ്വരവാദം, അസ്തിത്വവാദം, വിമോചന ദൈവശാസ്ത്രം തുടങ്ങിയ ആശയങ്ങളും ചിന്താധാരകളും രൂപംകൊള്ളുകയും കൃത്യമായ ആസൂത്രണ മികവോടെ സമൂഹത്തിൽ സംഘങ്ങളായും സംഘടനകളായും പ്രസ്ഥാനങ്ങളായും വേരുറപ്പിക്കാൻ ശ്രമിക്കുന്ന കാലം. യുക്തിവാദി സംഘം, ശാസ്ത്ര സാഹിത്യ പരിഷത്ത്, പുരോഗമന കലാസാഹിത്യ സംഘം തുടങ്ങിയവ ഉദാഹരണങ്ങൾ. രാഷ്ട്രീയപാർട്ടികളുടെ സംഘശക്തി വർദ്ധിപ്പിക്കുന്നതിനായി പാർട്ടിയുടെ യുവജന വിഭാഗങ്ങളെ ശക്തിപ്പെടുത്തുവാൻ പാർട്ടി സംവിധാനങ്ങൾ ശ്രദ്ധിക്കുന്ന കാലം. ഗൾഫ് പണത്തിന്റെ ഒഴുക്ക് കേരളത്തിൽ സൃഷ്ടിക്കുന്ന സാമ്പത്തിക അസമത്വം. പൊങ്ങച്ചം പരിഷ്കാരമാണെന്നും ഈ പരിഷ്കാരമാണ് സംസ്കാരത്തിന്റെ മാനദണ്ഡമെന്ന പുതിയ സാമൂഹിക ശാസ്ത്രം. നൂതന സാങ്കേതിക വിദ്യയുടെ ഉൽപ്പന്നങ്ങളായ ടിവി, വിസിആർ തുടങ്ങിയവയുടെ രംഗപ്രവേശവും നിരന്തരമായ സാങ്കേതിക നവീകരണവും, എന്തിന് നിത്യവും ഉപയോഗിച്ചുകൊണ്ടിരുന്ന ഭാഷയ്ക്കും പരിവർത്തനം ഉണ്ടായി. പുതിയ പദങ്ങൾ, പദപ്രയോഗങ്ങൾ, പുതിയ ശൈലികൾ ഇവയ്ക്കെല്ലാം പ്രചോദന ശക്തിയായി കവി അരങ്ങുകളിലൂടെ ഭ്രമിപ്പിക്കുന്ന കവിത ആലാപനകൾ, പുതി:സാഹിത്യ

സൃഷ്ടികൾ. ഇവയെല്ലാം പ്രധാനമായി ബാധിച്ചത് അന്നത്തെ യുവാക്കളുടെ ബോധത്തെയും സത്വത്തേയുമാണ്. ഈ ബാധയേറ്റ് ശരിയേത് തെറ്റേത്, സത്യമേത് മിഥ്യയേത് എന്ന് തിരിച്ചറിയാൻ കഴിയാതെ കാലത്തിന്റെ കവലയിൽ ദിശാബോധം നഷ്ടപ്പെട്ട യുവജന സമൂഹവും വിവിധ ദിശകളിൽ നിന്നും മാടിവിളിക്കുന്ന പ്രലോഭന ശക്തികളും. എം.സി.വൈ.എം. വരുന്നതിനു മുൻപ് തന്നെ എന്നെ സ്വാധീനിച്ച ഒരുപാട് പ്രസ്ഥാനങ്ങൾ ഉണ്ടായിരുന്നു. അതിൽ ആദ്യപരിഗണന വി കോട്ടയം എസ്.എൻ.ഡി.പി. സ്കൂൾ ഭാഗം കേന്ദ്രമായി പ്രവർത്തിച്ചു വന്ന 'പ്രവദ' എന്ന കലാസമിതിയാണ്. 1959 കാലങ്ങളിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ രാഷ്ട്രീയ പ്രചാരണത്തിനായി പാർട്ടി നേതൃത്വം ആരംഭിച്ച കലാസമിതി ആയിരുന്നു. ഞങ്ങളുടെ കാലമായപ്പോഴേക്കും അതിന്റെ രാഷ്ട്രീയ സ്വഭാവം നഷ്ടപ്പെട്ടു. പത്തൊമ്പതാം വയസ്സിൽ ഈ സമിതിയുടെ സെക്രട്ടറി സ്ഥാനത്ത് വരികയും ഏതാണ്ട് പന്ത്രണ്ടുവർഷം തുടർച്ചായി തുടരുകയും ചെയ്തു. എല്ലാ ടൂർണ്ണമെന്റുകളിലും സെമി ഫൈനലിൽ തോറ്റു മടങ്ങുന്ന ഒരു വോളിബോൾ ടീമും ഉണ്ടായിരുന്നു. കളിക്കളത്തിലെ




എം.സി.വൈ.എം. ആദ്യകാല ഐഡന്റിറ്റി കാർഡ്

പ്രകടനമാണ് ജയപരാജയങ്ങളെക്കാൾ കളിക്കാരനു പ്രധാനമെന്ന് പഠിക്കുവാനും സ്പോർട്സ്മാൻ സ്പിരിറ്റ് എന്ന മനോഭാവം ഉൾകൊള്ളുവാനും നിലനിർത്തുവാനും എന്നെ ഇത് ഏറെ സഹായിച്ചിട്ടുണ്ട്. അന്ന് വി.കോട്ടയം സാമുദായിക രാഷ്ട്രീയ സംഘർഷങ്ങൾ കൊണ്ട് കുപ്രസിദ്ധി നേടിയ ഗ്രാമമായിരുന്നു. പെട്ടെന്ന് അക്രമാസക്തമാകുന്ന ഒരു സമൂഹമായിരുന്നു. കേരളത്തിലെ കൊച്ചു വിയറ്റ്നാം എന്നായിരുന്നു കോടതി ഈ പ്രദേശത്തെ വിശേഷിപ്പിച്ചിരുന്നത് (ലോകത്തിലെ ഏറ്റവും വലിയ യുദ്ധഭൂമി ആയിരുന്നു അക്കാലത്ത് വിയറ്റ്നാം). കായിക കലാപരിപാടികൾ സംഘടിപ്പിക്കുന്നതിന് അപ്പുറം ഈ പ്രദേശത്ത് സംഘർഷാവസ്ഥ ഉണ്ടാകുമ്പോൾ അത് പരിഹരിക്കുക എന്ന ശ്രമകരമായ ദൗത്യവും ഈ ക്ലബ്ബിനു ഉണ്ടായിരുന്നു. ഈ സമിതിയോട് ഒരു വൈകാരികബന്ധം നാട്ടുകാർക്ക് ഉണ്ടായിരുന്നതിനാൽ ഞങ്ങളുടെ ഇടപെടലുകൾ പലപ്പോഴും വലിയ സംഘർഷങ്ങൾ ഒഴിവാക്കുവാൻ സഹായിച്ചിട്ടുണ്ട്. എന്നെ സംബന്ധിച്ചിടത്തോളം ഈ സെക്രട്ടറി സ്ഥാനം ഒരു വലിയ പരിശീലനക്കളരി ആയിരുന്നു.

പ്രവദയുടെ സെക്രട്ടറി എന്ന നിലയ്ക്ക് ശാസ്ത്ര സാഹിത്യ പരിഷത്ത് ,പുരോഗമന കലാസാഹിത്യ സംഘം, ഗ്രന്ഥശാല സംഘം തുടങ്ങി വിവിധങ്ങളായ പ്രസ്ഥാനങ്ങളിൽ അംഗമായി. അങ്ങനെ വിവിധ സംഘടനകളുടെ സംഘടനാ സംവിധാനങ്ങളും പ്രവർത്തനരീതിയും മനസ്സിലാക്കുന്നതിനും ആശയ പ്രചാരണ മാർഗ്ഗങ്ങൾ പഠിക്കുന്നതിനും സാമൂഹിക മാറ്റത്തെക്കുറിച്ച് ഓരോ പ്രസ്ഥാനത്തിന്റെയും കാഴ്ചപ്പാടുകളും വ്യാഖ്യാനങ്ങളും അറിയുന്നതിനും ഇടയായി. ഈ പ്രസ്ഥാനങ്ങളിൽ സജീവമായി നിൽക്കുന്ന സമയത്തും ചില പ്രസ്ഥാനങ്ങളുടെ നേതൃനിരയിലേക്കുള്ള പ്രവേശനകവാടത്തിൽ നിന്നുമാണ് അതെല്ലാം ഉപേക്ഷിച്ച് എം.സി.വൈ.എം. അതിരൂപത ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് വരുന്നത്.സമൂഹത്തിലെ ഏതൊരു യുവജന സമൂഹത്തോട് തുലനം ചെയ്താലും അവയ്ക്കൊപ്പമോ അതിലപ്പുറമോ ചിന്താശക്തിയും പ്രവർത്തനശേഷിയുമുള്ള ഒരു യുവജനസമ്പത്ത് ആയിരുന്നു സഭയ്ക്കുള്ളത്. പക്ഷേ എം.സി.വൈ.എംനെ കേവലം ഒരു പള്ളി പ്രസ്ഥാനം എന്നതിനപ്പുറത്തേക്ക് സാഹചര്യങ്ങൾക്കും സാധ്യതകൾക്കും അനുസരിച്ച് വളർത്തിയെടുക്കുവാൻ താല്പര്യമില്ലാത്ത ഒരു പ്രസ്ഥാനം ആയിട്ടാണ് എനിക്ക് ആദ്യം അനുഭവപ്പെട്ടത്. എം.സി.വൈ.എം ഒരു കേഡർ സ്വഭാവമുള്ള യുവജന പ്രസ്ഥാനം ആയി മാറ്റുവാനായിരുന്നു എന്റെ ആഗ്രഹം. ഇതിനുള്ള പല നടപടികളും മാർഗ്ഗനിർദ്ദേശങ്ങളും ചില പരിഹാരമാർഗ്ഗങ്ങളും വിവാദങ്ങൾക്ക് തുടക്കം കുറിച്ചു. എന്റെ പൂർവ്വകാല സംഘടനാ പശ്ചാത്തലം വിവാദങ്ങളെ കൂടുതൽ ശക്തമാക്കി. മറ്റു പ്രസ്ഥാനങ്ങൾ അംഗങ്ങളെ ചേർക്കണമെങ്കിൽ ആളുകളെ കണ്ടെത്തണമായിരുന്നു. അതിനു വലിയ ക്ഷമയോടെയുള്ള അധ്വാനം ആവശ്യമായിരുന്നു. ഒരു പ്രസ്ഥാനത്തിന്റെ പത്തു പേരടങ്ങുന്ന ഒരു യൂണിറ്റ് സ്ഥാപിക്കണമെങ്കിൽ ചിലപ്പോൾ മാസങ്ങൾ നീണ്ടുനിൽക്കുന്ന നിരന്തരമായ ഇടപെടലുകൾ ആവശ്യമായിരുന്നു. എന്നാൽ എം.സി. വൈ.എം സംഘടിപ്പിക്കുന്നതിൽ ഈ വക യാതൊരു ബുദ്ധിമുട്ടും ഇല്ലായിരുന്നു. സഭയിലെ യുവാക്കളിൽ ബഹുഭൂരിഭാഗവും ദിവ്യബലിക്ക് ദേവാലയത്തിൽ എത്തുന്നവരാണ്. വികാരിയച്ചന്റെ നിർദ്ദേശം ഉണ്ടെങ്കിൽ ഒരാഴ്ച കൊണ്ട് യാതൊരു അധ്വാനം കൂടാതെ എം.സി.വൈ.എംന്റെ ഒരു യൂണിറ്റ് ഇടവകയിൽ സ്ഥാപിക്കാം. എം.സി.വൈ.എം നെ കുറിച്ച് രൂപതയ്ക്ക് ഒരു നയം ഉണ്ടെങ്കിൽ രൂപതാധ്യക്ഷന്റെ കൽപ്പന വഴി രൂപതയിലെ മുഴുവൻ ഇടവകകളിലും ഒരാഴ്ചകൊണ്ട് എം.സി.വൈ.എം യൂണിറ്റ് ഉണ്ടാക്കാം. ഈ സാധ്യതകൾ വളരെ ലളിതമായി ഉപയോഗിക്കാമെന്നിരിക്കെ യുവജന നേതാക്കന്മാർ ഇടവകകളിൽ പോയി വികാരി അച്ചന്റെ ഔദാര്യമെന്ന പോലെ യൂണിറ്റ് തുടങ്ങേണ്ട ആവശ്യമുണ്ടോ? ഇങ്ങനെയുള്ള ചില നിലപാടുകളെ നിശിതമായി വിമർശിച്ചു.ഈ വിഷയങ്ങൾ രൂപതാധ്യക്ഷന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ശ്രമിച്ചു. അതിരൂപതാഭാരവാഹികളും ജില്ലാ നേതാക്കന്മാരും ഇക്കാര്യത്തിൽ പരിപൂർണ്ണ പിന്തുണ നൽകി. എന്റെ നിലപാടുകളെ പരസ്യമായി അനുകൂലിച്ച വൈദികർ ഏറെയുണ്ടായിരുന്നു. പ്രതികൂലിച്ചവർ ഏതാണ്ട് 30

വർഷങ്ങൾക്ക് ഇപ്പുറം ഇപ്പോഴും എന്നെ ശത്രുവായി കാണുന്നു എന്നാണ് മറ്റൊരു വിരോധാഭാസം. സഭയിലെ നാമമാത്രമായ യുവജന പ്രസ്ഥാനം എന്നതിൽ നിന്നും സംഘടനാ സംവിധാനങ്ങളിൽ അറിവും അച്ചടക്കവും വിധേയത്വമുള്ള ഒരു ആത്മീയ മുന്നേറ്റത്തിലേക്ക് എം.സി.വൈ.എം. ക്രമേണ രൂപാന്തരപ്പെട്ടു വന്നു. പ്രസ്ഥാനം എന്നു നാം പറയുന്നെങ്കിലും യഥാർത്ഥ അർത്ഥം കൊണ്ട് ഇതൊരു യുവജനമുന്നേറ്റമാണല്ലോ (യൂത്ത് മൂവ്മെൻറ്). സ്വതന്ത്രമായി ചിന്തിക്കാൻ പ്രാപ്തിയുള്ള കാലഘട്ടത്തിലെ സ്വഭാവം തിരിച്ചറിയാൻ ശേഷിയുള്ള സാമൂഹിക മാറ്റങ്ങളെയും പുത്തൻ ആശയങ്ങളെയും സഭയുടെ പാരമ്പര്യങ്ങൾക്കും പ്രബോധനങ്ങൾക്കും അനുസരിച്ച് തരംതിരിച്ച് നന്മ മാത്രം സ്വീകരിക്കുവാൻ പ്രായോഗികപരിജ്ഞാനം ഉള്ള ഒരു പ്രസ്ഥാനമായി എം.സി.വൈ.എം. മാറി.അതിനായി സർക്കുലറുകൾ, യുവജ്യോതിസ് എന്ന മാസിക, വാർത്താ ബുള്ളറ്റിനുകൾ എന്നിവ പ്രസിദ്ധീകരിക്കപ്പെട്ടു. സെമിനാറുകൾ, ക്യാമ്പുകൾ എന്നിവ നിരന്തരം സംഘടിപ്പിച്ചു. നമ്മുടെ പണ്ഡിതരും സമർത്ഥരുമായ നിരവധി വൈദികർ ഈ മേഖലയിൽ പ്രസ്ഥാനത്തെ സഹായിക്കുവാൻ സന്നദ്ധരായി വന്നു. വൈദിക ജില്ലാ നേതൃസമിതികളും വൈദികജില്ലാതലത്തിൽ നിരന്തരമായി സെമിനാറുകൾ സംഘടിപ്പിക്കുകയും വൈദികർ ഒരു വൈമനസ്യവും ഇല്ലാതെ സെമിനാറുകളിൽ ആനുകാലിക വിഷയങ്ങൾ സഭ പ്രബോധനങ്ങളുടെ പശ്ചാത്തലത്തിൽ വിശദീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തു. ഇത് പുറത്തു നിന്നുള്ള ആശയങ്ങളുടേയും ചിന്താധാര കളുടേയും കടന്നുകയറ്റത്തെ പ്രതിരോധി ക്കുവാനും ആത്മീയതയിൽ അടിസ്ഥാനമാക്കിയ ഒരു ധാർമിക ശക്തി യായി സഭയ്ക്കൊപ്പം യുവജനങ്ങളെ നിലനിർത്തുവാനും സാധിച്ചു. ഒപ്പം സംഘടനാ പ്രവർത്തനങ്ങളിലും പ്രത്യേക ശിക്ഷണം നല്കി. ക്യാമ്പുകളുടെ പ്രധാന വിഷയം നേതൃത്വപരിശീലന മായിരുന്നു. നമ്മുടെ യുവജനങ്ങൾ സ മർത്ഥരായിരുന്നതു കൊണ്ടും കാര്യപ്രാപ്തിയുള്ളവരായി രുന്നതു കൊണ്ടും എല്ലാം വേഗത്തിൽ സാധിച്ചു. എം സി വൈ എം ന്റെ വളർച്ച എന്നതുകൊണ്ട് അംഗസംഖ്യയിൽ ഉണ്ടായ വർധനമാത്രമല്ല പ്രവർത്തനസ്വഭാവത്തിൽ ഉണ്ടായ ഗുണനിലവാരവും വൈദഗ്ദ്ധ്യവും കൃത്യതയും സംഘടനാ തലത്തിലും, കൂദാശാനുഷ്ഠാനത്തിലെ പങ്കാളിത്വത്തിലും പ്രാർത്ഥനാ ജീവിതത്തിലും വർദ്ധിച്ചു വരുന്ന താല്പര്യവും നിഷ്ഠയും വ്യക്തി ജീവിതത്തിലും പരിഗണിക്കപ്പെ ടുമല്ലോ.എം.സി.വൈ.എം. വളർന്ന് ശക്തിപ്പെട്ടു എന്ന് അവകാശപ്പെടുമ്പോൾ ആ മേഖലയിലെ യുവജനങ്ങൾ വളർച്ച പ്രാപിച്ചു എന്നാ ണല്ലോ അർത്ഥം. അന്ന് വളർച്ച പ്രാപിച്ചുകൊണ്ടിരുന്ന യുവജനങ്ങളിൽ ഒരുവൻ ഞാനായിരുന്നു. മുകളിൽ സൂചിപ്പിച്ച എല്ലാ അഭ്യസനങ്ങളും എന്റെ മനോഭാവ ത്തേയും ചിന്തയേയും പ്രവർത്തനങ്ങളേയും ഗുണകരമായി ബാധിക്കുകയും, പരിവർത്തന വിധേയമാക്കുകയും ചെയ്തു.

എം.സി.വൈ.എംലൂടെ ലഭിച്ച ആത്മീയ പുരോഗതിക്കുറിച്ച് ചിന്തിക്കുമ്പോഴും കാലഘട്ടത്തിലെ സ്വഭാവം പരിഗണിക്കപ്പെടണം.വിവിധങ്ങളായ ആശയ സംഘട്ടനങ്ങളുടെ ഒരു കാലഘട്ടമായിരുന്നല്ലോ അത്. നിരീശ്വരവാദവും അസ്തിത്വവാദവും ഭൗതിക വാദവുമെല്ലാം അരങ്ങു വാഴുന്ന കാലം. ദൈവനിഷേധം ഒരു പരിഷ്കൃത സമൂഹത്തിന്റെ അത്യാധുനിക ഫാഷനായി അംഗീകരിക്കപ്പെട്ടിരുന്ന കാലം. ദൈവോന്മുഖമായി ജീവിക്കുന്ന യുവജനസമൂഹത്തെ പുരോഗമന ചിന്താധാരകൾക്ക് പുറംതിരിഞ്ഞുനിൽക്കുന്ന യഥാസ്ഥിതിക മൂരാച്ചികളായി അധിക്ഷേപിക്കുന്ന കാലം. ബലമായ വിശ്വാസ അടിത്തറ ഇല്ലാത്ത വ്യക്തിക്ക് സഭയോടൊത്തു പ്രവർത്തിക്കുക എന്നത് ആശയപ രമായും ആചാരപരമായും വളരെ ബുദ്ധിമുട്ട് ഉണ്ടാകു മായിരുന്നു. ഈ മേഖലയിലാണ് നമ്മുടെ പഠന സെമിനാറുകൾ ഏറെ പ്രയോജനകരമായത്. ദൈവ നിഷേ ധങ്ങളായ ചിന്താധാരകൾ എല്ലാം അസത്യങ്ങൾ ആണെ ന്നും ഒരു മഴയിൽ കിളിർത്തു അടുത്ത വെയിലിൽ കരിഞ്ഞു പോകുന്ന പുല്ലുപോലെ അൽപ്പായുസ് സുകളായ ചില വിഭ്രാന്തികൾ മാത്രമാണെന്നും യുക്തി ഭദ്രമായി പഠിപ്പിക്കുവാൻ സെമിനാറുകളിലൂടെ നമ്മുടെ വൈദികർക്ക് സാധിച്ചു. ഇത് അക്കാലത്തു ആശയ പരമായ ചെറുത്തുനിൽപ്പിന് യുവാക്കളെ സജ്ജരാക്കി. മനുഷ്യന്റെ ആത്മീയത നിരന്തരം പരിപോഷിപ്പിക്ക പ്പെടേണ്ട ഒരു മാനസിക ഭാവം ആണല്ലോ .ആത്മീയ വളർച്ച എന്നതുകൊണ്ട് ആരാധനാ സമൂഹത്തിലെ സജീവപങ്കാളിത്തമോ വ്യക്തിപരമായ പ്രാർത്ഥനയിലെ നിഷ്ഠയോ ജീവകാരുണ്യ പ്രവർത്തനങ്ങളിലെ സഹകരണമോ മാത്രമല്ല ഉദ്ദേശിക്കുന്നത്.

മതപരമായ അനുഷ്ഠാനങ്ങളിലെ പങ്കാളിത്തം പോലെതന്നെ ആത്മീയ കാര്യങ്ങളിലെ പഠനവും പുരോഗതിയുടെ മാനദണ്ഡമാകുന്നു. എം.സി.വൈഎമ്മിൽ വന്നതുമൂലം എനിക്കുണ്ടായ വലിയ മാറ്റം പഠനത്തിന് തെരഞ്ഞെടുക്കുന്ന വിഷയങ്ങളിൽ വന്ന മാറ്റമാണ്. ഇടതുപക്ഷ ബുദ്ധിജീവികളുടെയും ശാസ്ത്രസാഹിത്യ പരിഷത്തിന്റെയും പ്രസിദ്ധീകരണങ്ങളിൽ നിന്നും സഭയുടെ പഠനങ്ങളും പ്രബോധന ങ്ങളും വായനയ്ക്കു വിഷയമായി തീർന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രി ഉൾപ്പെടെ സഭയുടെ കാലിക പ്രബോധനങ്ങൾ വായിക്കുവാനും സഭയുടെ വിവിധ പ്രസിദ്ധീകരണങ്ങൾ (താലന്ത്, സത്യദീപം, മതവും ചിന്തയും) വായിക്കാൻ ശ്രമിച്ചു. ക്രൈസ്തവ ദൈവശാസ്ത്ര സംബന്ധമായ




ആദ്യ യുവജന കൺവൻഷനുശേഷം ബത്തേരിയിൽ എം.സി.വൈ.എം. നടത്തിയ യുവജന റാലിയിൽ നിന്നും 1990. സെപ്റ്റംബർ 20

നിരവധി പുസ്തകങ്ങൾ വായിച്ചു മനസ്സിലാക്കി. രൂപതാധ്യക്ഷന്മാർ കാലാകാലങ്ങളിൽ ഇടവകയിലേക്ക് അയച്ചുകൊടുക്കുന്ന സർക്കുലർ, കൽപ്പനകൾ ഇവയൊക്കെ കൃത്യമായി പഠിക്കുകയും അതനുസരിച്ചുള്ള ഒരു അവബോധം എം.സി.വൈ.എം നു നൽകുകയും ചെയ്യുമായിരുന്നു. ഇതിനൊക്കെ എന്നെ സഹായിച്ചത് ബഹു. ഗീവർഗീസ് ചരിവിള അച്ചനാണ്. ദൈവശാസ്ത്ര പണ്ഡിതന്മാരായ നമ്മുടെ വൈദികർ സെമിനാറുകളിൽ ക്യാമ്പുകളിലും നടത്തിയ ആത്മീയ പ്രഭാഷണങ്ങൾ അറിവുകൾ നവീകരിക്കപ്പെടുത്തുവാനും ആഴപ്പെടുത്തുവാനും സഹായിച്ചു. ഇവരിൽ മിക്കവരുമായുള്ള വ്യക്തിപരമായ അടുപ്പവും അവർ എന്നോട് കാണിച്ച ഔദാര്യപൂർവമായ സൗഹൃദവും ഈ മേഖലയിൽ വളർച്ചയ്ക്ക് ഏറെ സഹായകരമായി. ചുരുക്കത്തിൽ ആത്മീയ ആശയങ്ങളുടെ പെരുമഴക്കിടയിലൂടെ നടന്നപ്പോൾ സ്വാഭാവികമായും ഞാനും നനഞ്ഞു കുതിരുമല്ലോ.ആ ആത്മീയ അനുഭവം എം.സി.വൈ.എംലൂടെ എനിക്ക് ലഭിച്ചിരുന്നു. ആഗോള കത്തോലിക്കാ സഭയിലെ അതിവിശിഷ്ടരായ രണ്ടു പുണ്യപിതാക്കന്മാർ, ഭാഗ്യസ്മരണാർഹനായ ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിനൊപ്പവും ഭാഗ്യസ്മരണാ ർഹനായ മേജർ ആർച്ച് ബിഷപ്പ് സിറിൽ ബസേലി യോസ് കാതോലിക്ക ബാവക്കൊപ്പവും എം.സി.വൈ.എം നേതൃത്വകാലയളവിൽ പ്രവർത്തിക്കാൻ ഭാഗ്യം ലഭിച്ചു.

അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവുമായുള്ള ബന്ധത്തിനു രണ്ട് ഘട്ടങ്ങളുണ്ട്. ആദ്യഘട്ടം എം.സി.വൈ.എം അതിരൂപത ജനറൽ സെക്രട്ടറി ആയിരുന്ന ആദ്യ വർഷമായിരുന്നു. പിതാവിനു എന്നെ മുൻപരിചയം ഉണ്ടായിരുന്നില്ല. പ്രസ്ഥാനം വലിയ അവഗണനയിലൂടെയും പ്രതിസന്ധിയിലൂടെയും കടന്നു പൊയ്ക്കൊണ്ടിരുന്നതിനാൽ എന്റെ ശബ്ദത്തിനും ഭാഷയ്ക്കും എപ്പോഴും പ്രതിഷേധത്തിന്റെ ധ്വനിയുണ്ടായിരുന്നു. പ്രതിഷേധത്തിന് ഭാഷ ഒരിക്കലും സൗമ്യമാlി രിക്കില്ലല്ലോ. എം.സി.വൈ.എം നെ അതിന്റെ യഥാർത്ഥ സാധ്യതയിലേക്ക് നയിക്കുവാൻ ശ്രമിക്കുമ്പോൾ വിലങ്ങുതടിയായി നിന്നിരുന്ന സഭയുടെ ചില നിലപാടുകൾക്കും പ്രവണതകൾക്കും നിസ്സംഗതകൾക്കും എതിരായിട്ടായിരുന്നു എന്റെ പ്രതിഷേധം. ഇതു സഭാപാരമ്പര്യങ്ങളോടും കീഴവഴക്കങ്ങളോടും ഉള്ള നിഷേധമായും സഭയുടെ അധികാരത്തോടുള്ള ധിക്കാരമായും വ്യാഖ്യാനിക്കപ്പെടുകയും ആ രീതിയിൽ ബോധപൂർവ്വം പിതാവിന്റെ മുൻപിൽ അവതരിപ്പിച്ച് സൃഷ്ടിച്ചെടുത്ത അതൃപ്തി ആയിരുന്നു.

ഗ്രിഗോറിയോസ് പിതാവ് എന്നെ മനസ്സിലാക്കുകയും ഞാൻ ചെയ്യാൻ ശ്രമിക്കുന്നതിന്റെയും എഴുതുന്നതിന്റെയും അർത്ഥവും ആത്മാർത്ഥതയും നേരിട്ട് ബോധ്യം ആയതിനുശേഷം എന്നോടുണ്ടായ പിതൃസഹജമായ സ്നേഹവും വാത്സല്യം നിറഞ്ഞ ബന്ധത്തിന്റെ തുടർന്നുള്ള കാലഘട്ടമായിരുന്നു രണ്ടാം കാലഘട്ടം. ഈ അവസരത്തിൽ നന്ദിയോടെ ഓർക്കേണ്ട ഒരു പേര് കൂടിയുണ്ട്. അന്ന് പിതാവിന്റെ സെക്രട്ടറിയായിരുന്ന ബഹു .ജോൺ കൊച്ചുതുണ്ടിലച്ചൻ (അഭിവന്ദ്യ യൂഹാനോൻ മാർ തിയഡോഷ്യസ് പിതാവ് ). ബഹു കൊച്ചുതുണ്ടിലച്ചന്റെ സ്വാധീനവും നയചാതുര്യവുമാണ് രണ്ടാംഘട്ടം എളുപ്പമാക്കിയത്. എന്റെ പ്രവർത്തന ശൈലി യഥാതഥമായി ആദ്യം മനസ്സിലാക്കിയത് കൊച്ചുതുണ്ടിലച്ചനായിരുന്നു. കൃത്യമായ അവസരങ്ങളിൽ അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവിന് അത് ബോധ്യപ്പെടുത്തുന്നതിൽ അച്ചൻ പ്രത്യേകം ശ്രദ്ധിച്ചു. ഞാൻ പിതാവിനെ എഴുതുന്ന പരാതികൾ, വിമർശനങ്ങൾ ഒക്കെ പിതാവ് വളരെ സ്വസ്ഥനായിരുന്ന സമയങ്ങളിൽ മാത്രം പിതാവിനെ ഏൽപ്പിച്ചു. ചില എഴുത്തുകൾ പിതാവിനെ ഏൽപ്പിക്കാതെ തിരിച്ചുതന്നു. ഒരു വിഷയം പിതാവിന്റെ മുൻപിൽ നേരിട്ട് അവതരിപ്പിക്കപ്പെടേണ്ട അവസരങ്ങളിൽ പിതാവിനെ കാണുന്നതിനു മുമ്പ് തന്നെ വിഷയങ്ങൾ നേരിട്ട് ചോദിച്ചറിയുകയും പ്രഥമ ദൃഷ്ടിയാൽ ഉള്ള നേട്ടങ്ങളും കോട്ടങ്ങളും വിശദീകരിച്ച് തരികയും ഈ വിഷയത്തിൽ പിതാവ് സ്വീകരിക്കാൻ ഇടയുള്ള നിലപാടിനെക്കുറിച്ച് ഏകദേശ ധാരണ മുൻകൂട്ടി നൽകുകയും ചെയ്യുമായിരുന്നു. എം.സി.വൈ.എംനെ കുറിച്ച് നിരന്തരം പരാതികൾ പിതാവിനു ലഭിക്കുമായിരുന്നു. പരാതി ഗൗരവമുള്ളതാണെങ്കിൽ പിതാവ് എന്നെ വിളിപ്പിക്കും. പരാതിയെക്കുറിച്ചും പിതാവിന്റെ ഇക്കാര്യത്തിലുള്ള മനോഭാവത്തെക്കുറിച്ചും ഒരു മുൻകൂർ ധാരണ നൽകിയിട്ടു മാത്രമേ പിതാവിനെ നേരിട്ട് കാണുവാൻ എന്നെ അനുവദിച്ചിരുന്നുള്ളൂ. ഇതൊക്കെ വിഷയാവതരണവും പ്രശ്നപരിഹാരവും ലളിതവും സുഗമവുമാക്കി. സഭയുടെ ദർശനങ്ങൾക്ക് അനുകൂലവും സഭാനേതൃത്വത്തോട് വിധേയത്വവും ഉള്ളതാണ് സംഘടനാ നേതൃത്വം എന്ന് പിതാവിന് ബോധ്യമായി. പിതാവ് എം.സി.വൈ.എം നേതൃത്വത്തിൽ അർപ്പിച്ച വിശ്വാസം ഒന്നുകൊണ്ടുമാത്രമാണ് അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നും വലിയ എതിർപ്പുകൾ ഉണ്ടായിട്ടും ഫോട്ടോ പതിച്ച അംഗത്വ കാർഡ് നൽകുന്നത് ഉൾപ്പെടെ സംഘടനാപരമായ പല നവീകരണങ്ങൾക്കും, തീർത്ഥാടന പദയാത്രയുടെ നടത്തിപ്പ് ഉൾപ്പെടെ വിവിധ കർമ്മ പരിപാടികൾക്കും എം.സി.വൈ.എംനു അനുകൂല തീരുമാനം പിതാവ് സ്വീകരിച്ചത്. പിതാവിനോടൊപ്പം പലപ്രാവശ്യം യാത്ര ചെയ്യുന്നതിനും ഏകദേശം നൂറോളം വേദികളിൽ പങ്കെടുക്കുന്നതിനും ഭാഗ്യമുണ്ടായി. ചില സന്ദർഭങ്ങളിൽ ഞാൻ ഏതു വിഷയമാണ് പ്രസംഗിക്കുന്നത് ചോദിക്കുകയും അതിനോട് ചേർത്തു പറയേണ്ട ചില ആശയങ്ങൾ പറഞ്ഞുതരികയും ചെയ്തിരുന്നു. പിതാവിനെ സന്ദർശിക്കാനുള്ള നിയന്ത്രണങ്ങളിൽ നിന്നും എന്നെ ഒഴിവാക്കിയിരുന്നതിനാൽ ഏതുസമയത്തും പിതാവിനെ സന്ദർശിക്കുവാനും പ്രസ്ഥാനത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കുവാനും അവസരം ലഭിച്ചിരുന്നു. എം.സി.വൈ.എം ഇതര വിഷയങ്ങളിലും ഞങ്ങളുടെ അഭിപ്രായം പിതാവ് സ്വീകരിച്ചിട്ടുണ്ട്. എം.എസ്.സി മാനേജ്മെന്റ് അധ്യാപക നിയമനത്തിന് ഒരു പ്രത്യേക ടെസ്റ്റ് നടത്തി റാങ്ക് ലിസ്റ്റ് ഉണ്ടാക്കി ആ റാങ്ക് ലിസ്റ്റ് അടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ നടപടി ഉണ്ടായി. റാങ്ക് ലിസ്റ്റ് ഇങ്ങനെ ഉണ്ടാക്കി നിയമനം നടത്തുന്നതിലെ ഗൂഢാലോചനയും നീതിനിഷേധവും അഴിമതി സാധ്യതയുമെല്ലാം പിതാവിനെ

ധരിപ്പിക്കുകയും രജിസ്റ്റർ ചെയ്യുന്നതിന്റെ മുൻഗണന മാത്രം അടിസ്ഥാനമാക്കി നിയമനം നടത്തുന്നതാണ് നല്ലതെന്ന് പിതാവിനെ അറിയിക്കുകയും ചെയ്തു. പിതാവ് അതു അംഗീകരിക്കുകയുണ്ടായി. ഇത് ഒരു ഉദാഹരണം മാത്രം.

ഗ്രിഗോറിയോസ് പിതാവിനെ കുറിച്ച് ഒരുപാട് നല്ല ഓർമ്മകൾ എനിക്കുണ്ട്. എന്റെ വ്യക്തിപരമായ പല ആവശ്യങ്ങളിലും പിതാവ് നേരിട്ട് ഇടപെട്ടിട്ടുണ്ട്. പിതാവിന്റെ വശ്യമായ പുഞ്ചിരി ഇന്നും ഓർമ്മയിൽ നില നിൽക്കുന്നു. ഏറ്റവും നിർമ്മലവും വിശുദ്ധവുമായ ഒരു ജീവിതമായിരുന്നു പിതാവിന്റെത്. സ്നേഹം മമ ദീപം എന്ന ആപ്തവാക്യം പ്രകൃതിയും മനുഷ്യരിലും എല്ലാ അർത്ഥത്തിലും അന്വർത്ഥമാക്കി .പിതാവ് എം.സി.വൈ. എമ്മിന് വലിയ പ്രചോദനമായിരുന്നു.

ഭാഗ്യസ്മരണാർഹനായ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവ ബത്തേരി രൂപത അധ്യക്ഷ നായിരുന്ന കാലഘട്ടത്തിലാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭ യൂത്ത് കമ്മീഷൻ ചെയർമാൻ ആയിരുന്നത്. എം.സി.വൈ.എം ദേശീയ സമിതിയുടെ ആലോചനാ യോഗത്തിൽ അതിരൂപതാ പ്രസിഡന്റായി ഞാനും പങ്കെടുത്തു. അന്നുമുതൽ പിതാവ് കാലം ചെയ്യുന്നതുവരെ ആ ബന്ധം തുടർന്നു എന്നത് ഭാഗ്യമായ അനുഭവമാണ്. എം.സി.വൈ.എം ദേശീയ സമിതി പ്രസിഡന്റ് നിലയ്ക്കും പിന്നീട് എം.സി.എ അതിരൂപതാ പ്രസിഡണ്ട് നിലയ്ക്കും പിതാവിനോടൊപ്പം ദീർഘകാലം പ്രവർത്തിക്കുവാൻ അവസരം ലഭിച്ചു.

സിറിൽ പിതാവിനെ ഒരു പാഠപുസ്തകം പോലെ പഠിക്കുവാൻ ഞാൻ ശ്രമിച്ചിരുന്നു .പിതാവിന്റെ ജീവിതവും ദർശനവും ആസ്പദമാക്കി 'പാദമുദ്രകൾ' എന്ന പേരിൽ രണ്ടു മണിക്കൂർ ദൈർഘ്യമുള്ള ഡോക്യുമെന്ററി ഫിലിം ഞാൻ തയ്യാറാക്കിയിട്ടുണ്ട് പിതാവിന്റെ ജീവിതവും ദർശനവും വിവിധഘട്ടങ്ങളിൽ ലേഖനങ്ങൾക്കും അനുസ്മരണങ്ങളും ഞാൻ വിഷയമാക്കിയിട്ടുണ്ട് ഒരുപാട് ഓർമ്മകൾ പിതാവിനെക്കുറിച്ചുണ്ട്. എം.സി.വൈ.എംനു പിതാവ് ചെയ്ത ഏറ്റവും വലിയ സംഭാവനകൾ എം.സി.വൈ.എം പ്രവർത്തനങ്ങളെ സഭാതലത്തിൽ ഏകീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും നേതൃത്വം നല്കി എന്നതും എം.സി.വൈ.എംന്റെ നിർവ്വചനം യുവജന പ്രസ്ഥാനത്തിൽ നിന്നും യുവജനസഭ എന്ന നിലയിലേക്ക് സത്താപരമായി പരിവർത്തനപ്പെടുത്തി എന്നതും, സഭയോടൊത്തു ചിന്തിക്കുക സഭയോടൊത്തു പ്രവർത്തിക്കുക എന്നതിൽ നിന്നും സഭയായി ചിന്തിക്കുക സഭയായി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തിലേക്ക് സഭാശാസ്ത്രപരമായ ആധികാരിക വ്യാഖ്യാനം നല്കി എന്നതുമാണ്. സംഘടനകളിലൂടെ ശക്തിപ്പെടുന്ന സഭാകൂട്ടായ്മ എന്ന ആശയം പ്രാവർത്തികമാക്കുവാൻ പിതാവ് ശ്രമിച്ചു. പിതാവിന്റെ യുവജന ദർശനം പ്രത്യേക പഠനവിധേയമാക്കേണ്ടതാണ്. എം.സി.വൈ.എം എല്ലാ ഇടവകകളിലും നിർബ്ബന്ധമായും ഉണ്ടായിരിക്കേണ്ട പ്രസ്ഥാനമാണെന്നും ഒരു വൈദികനും സ്വന്തം ഇഷ്ടത്തിന് ഇടവകയിൽ എം.സി.വൈ.എം വേണ്ട എന്ന് തീരുമാനിക്കുവാൻ സ്വാതന്ത്ര്യം ഇല്ലെന്നും പിതാവ് നിജപ്പെടുത്തി എം.സി.വൈ.എം പ്രവർത്തനവും നേതൃത്വവും സഭയിൽ അന്തസ്സും അംഗീകാരവുമുള്ള ഒരു ശുശ്രൂഷയായി പിതാവ് അംഗീകരിച്ചു. പ്രവർത്തന സ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവും അനുവദിച്ചു അഭിപ്രായപ്രകടനം സ്വാതന്ത്ര്യം മാത്രമല്ല അവകാശമായും അംഗീകരിച്ചു.

സിറിൽ പിതാവിന്റെ സ്വാധീനം വലിയ തോതിൽ എന്റെ ജീവിതത്തിൽ ഉടനീളം ഉണ്ട് .മഹാപണ്ഡിതനും ബുദ്ധിമാനുമായ പിതാവ് ചില വിഷയങ്ങളിൽ എന്നോട് അഭിപ്രായം ചോദിക്കുമ്പോൾ എന്നോട് ഈ വിഷയം ചർച്ച ചെയ്തിട്ട് എന്തു ഫലമാണ് പിതാവിന് ലഭിക്കുന്നത് എന്ന് അപകർഷതാബോധത്തോടെ എനിക്ക് തോന്നിയിട്ടുണ്ട്. വലിയ പരിഗണന പിതാവ് എനിക്ക് നല്കിയിരുന്നു. ഏതവസരത്തിലും പിതാവിനെ സന്ദർശിക്കുവാൻ എനിക്ക് അനുവാദമുണ്ടായിരുന്നു പിതാവ് കാലം ചെയ്യുന്നതിന്റെ തലേദിവസം ബുധനാഴ്ച ഞാൻ പിതാവിനെ തിരുവനന്തപുരം കിംസ് ആശുപത്രിയിൽ പോയി കണ്ടിരുന്നു .ശനിയാഴ്ച പിതാവിനെ അരമനയിൽ വന്നു കാണണമെന്ന് പിതാവ് എന്നോട് നിർദ്ദേശിച്ചിരുന്നു. പക്ഷേ ആ കൂടിക്കാഴ്ചയ്ക്ക് മുമ്പ് പിതാവ് ലോകത്തോട് വിട പറഞ്ഞു പിതാവിനെക്കുറിച്ച് തയ്യാറാക്കിയ ഡോക്യുമെന്ററി ഫിലിം പിതാവിനെ കാണിക്കുവാൻ സാധിച്ചില്ലല്ലോ എന്ന നിരാശ ഇന്നും എനിക്കുണ്ട്. എന്റെ സ്വർഗീയ മധ്യസ്ഥൻമാരുടെ ഗണത്തിൽ മാർ ഇവാനിയോസ് പിതാവിനെ കൂടാതെ ഈ രണ്ട് പിതാക്കന്മാരും ഉൾപ്പെട്ടിരുന്നു.

വൈദിക സ്വാധീനത്തെക്കുറിച്ച് ഓർക്കുമ്പോൾ എന്റെ ജീവിതത്തെ ആദ്യമായി സ്വാധീനിച്ച വൈദികൻ ബഹുമാനപ്പെട്ട ദാനിയേൽ കൊച്ചുവിളയച്ചനാ യിരുന്നു (സണ്ടേസ്കൂൾ പഠനകാലം) പിന്നീട് എം.സി.വൈ. എമ്മിന്റെ ആദ്യനാളുകളിൽ മാർഗദർശിയായി നിന്ന ബഹു .ഗീവർഗീസ് ചരുവിളയച്ചൻ. ഈ രണ്ടു വൈദികരുടെ സ്വാധീനം ഇല്ലായിരുന്നെങ്കിൽ എനിക്ക് മറ്റൊരു ജീവിതവീക്ഷണവും ക്രമവും ആയിരുന്നേനെ.

അതിരൂപതാ നേതൃത്വകാലഘട്ടത്തിൽ ഏറ്റവും സ്വാധീനിച്ച വൈദികൻ എം.സി.വൈ.എം പ്രഥമ ഡയറക്ടറായിരുന്ന ബഹുമാനപ്പെട്ട ഡൊമനിക് സ ്ഖറിയാസച്ചനാണ്. സഭയിൽ യുവജന പ്രസ്ഥാനം രൂപീകരിച്ചതിന്റെ പേരിൽ ഏറെ പഴി കേൾക്കേണ്ടി വന്ന



ആദ്യ യുവജനസംഗമം 1990 സെപ്റ്റംബർ 20 ബത്തേരിയിൽ

വൈദികനാണ് ഡൊമിനിക്കച്ചൻ. അച്ചൻ ഡയറക്ടർ സ്ഥാനത്തുനിന്നു മാറി സെമിനാരി അധ്യാപകനായിരുന്ന സമയത്താണ് ഞാൻ നേതൃത്വത്തിൽ എത്തുന്നത്. ഗ്രിഗോറിയോസ് പിതാവിന്റെ ബന്ധത്തിൽ എന്നപോലെ രണ്ടു ഘട്ടങ്ങൾ ഞങ്ങളുടെ ബന്ധത്തിലും ഉണ്ടായിരുന്നു. .ആദ്യഘട്ടത്തിൽ അച്ചൻ എന്റെ ഏറ്റവും വലിയ വിമർശകനും എതിരാളിയും ആയിരുന്നു .എം.സി.വൈ. എമ്മിലൂടെ ഉണ്ടായിരുന്ന എല്ലാ അനിഷ്ടങ്ങൾക്കും കുറ്റക്കാരനായി ചിത്രീകരിക്കപ്പെട്ടിരുന്നത് സ്ഥാപകനായ ഡൊമനിക്കച്ചനെയായിരുന്നു. രണ്ടാംഘട്ടത്തിൽ ഞങ്ങൾ തമ്മിൽ വലിയ സ്നേഹവും സൗഹൃദവും ആയിരുന്നു.



എം.സി.വൈ.എം. സഭാതല സമിതിയുടെ ആദ്യ സെനറ്റ് സമ്മേളനം
1991 സെപ്റ്റംബർ 19, കൊല്ലത്തുവെച്ച്

സഭയിലെ ബുദ്ധിജീവികളിൽ ഒരാളായിരുന്നു അച്ചൻ. സിറിൽ പിതാവ് കാതോലിക്കാബാവ ആകുമെന്ന് ഇരുപത് വർഷം മുമ്പ് പ്രവചിച്ച വൈദികൻ ആയിരുന്നു ഇദ്ദേഹം. സഭാ ശുശ്രൂഷയിൽ തളരാതെ നിലനിൽക്കുവാനും അവഗണനയ്ക്ക് നടുവിലും സജീവമായി തുടരാനും എന്നെ ശക്തമാക്കിയത് ഡൊമനിക് അച്ചന്റെ ഉപദേശങ്ങൾ ആയിരുന്നു. എം.സി.വൈ.എം എന്ത്? എന്തിന്? എന്ന വിഷയത്തിൽ സിറിൽ പിതാവിനെപ്പോലെ ആധികാരികമായി സംസാരിക്കാൻ പ്രാപ്തനായിരുന്നു ഡൊമിനിക്കച്ചൻ. എം.സി.വൈ. എംനെ അന്ധമായി സ്നേഹിച്ച ഡൊമിനിക്കച്ചൻ എനിക്ക് വലിയ പ്രചോദനമായിരുന്നു. അതിരൂപത ഡയറക്ടറായിരുന്ന ബഹുമാനപ്പെട്ട ഫിലിപ്പോസ് തോമസ് അച്ചന്റെ നിര്യാണത്തെ തുടർന്ന് കുറേക്കാലം എം.സി .വൈ.എംന് അതിരൂപത ഡയറക്ടർ ഇല്ലായിരുന്നു. ഡയറക്ടർ സ്ഥാനത്തേക്ക് പേരുകൾ നിർദ്ദേശിക്കുവാൻ ഗ്രിഗോറിയോസ് പിതാവ് എന്നോട് ആവശ്യപ്പെടുകയും അതിൽനിന്ന് ബഹുമാനപ്പെട്ട ജോസ് ചാമക്കാലാ അച്ചനെ പിതാവ് നിയമിക്കുകയും ചെയ്തു. ചാമക്കാല അച്ചൻ അന്നും അറിയപ്പെടുന്ന ഒരു സുവിശേഷ പ്രസംഗകനും എം.സി.വൈ.എംന്റെ സെമിനാറുകളിലും ക്യാമ്പുകളിലും സ്ഥിരം പ്രഭാഷകനായിരുന്നു. സഭയിലെ സഹ വൈദികരുമായി നല്ല ബന്ധം അച്ചൻ പുലർത്തിയിരുന്നത് കൊണ്ട് നല്ലൊരു ശതമാനം വൈദികരെ എം.സി.വൈ.എംനോട് അനുകൂലമാക്കുന്നതിന് അച്ചന്റെ സ്വാധീനം ഉപയോഗപ്പെടുത്തി. യുവജന നേതാക്കന്മാരുമായി നല്ല ബന്ധവും സൗഹൃദവും അച്ചന് ഉണ്ടായിരുന്നു. അവതരിപ്പിക്കപ്പെടുന്ന വിഷയങ്ങൾ പെട്ടെന്ന് മനസ്സിലാക്കുന്നതിനും യുവജനപക്ഷത്തുനിന്നും ചിന്തിച്ച് പ്രായോഗികത തിട്ടപ്പെടുത്തുന്നതിനും പ്രത്യേക കഴിവുണ്ടായിരുന്നു. എല്ലാ സംഘടനാ മര്യാദകളും ജനാധിപത്യരീതിയിൽ അവലംബിച്ചിരുന്നത് കൊണ്ട് വൈദിക യുവജന നേതൃത്വം തമ്മിൽ വലിയ ഐക്യവും സൗഹൃദവും ആയിരുന്നു. ഞാനുമായി അസാധാരണമായ ഒരു ബന്ധമായിരുന്നു. അത് ഇന്നും നിലനിൽക്കുന്നു. ദൈവനിഷേധികളും സഭാ വിരോധികളും എന്ന് പ്രതിച്ഛായയിൽ നിന്നും ഞങ്ങളെ രക്ഷപ്പെടുത്തുവാൻ അച്ചന്റെ വലിയ സംഭാവന ഉണ്ടായിരുന്നു.

ഇതിനോടൊപ്പം ചേർത്തു പറയേണ്ടുന്ന മറ്റൊരു വൈദികനാണ് ബഹുമാനപ്പെട്ട ഗീവർഗീസ് നെടിയത്തച്ചൻ. അച്ചനെ സെമിനാരി പഠന കാലം മുതലേ അറിയാമായിരുന്നു എന്നതുകൊണ്ടും വൈദികനായ ശേഷം എം.സി.വൈ.എം ന്റെ പ്രവർത്തനങ്ങളിൽ താൽപര്യപൂർവ്വം ഇടപെട്ടിരുന്നതുകൊണ്ടും അതിരൂപത എം.സി.വൈ.എം ജോയിന്റ് ഡയറക്ടർ സ്ഥാനത്തേക്ക് അച്ചന്റെ പേര് നിർദ്ദേശിക്കുവാൻ എനിക്ക് സാധിച്ചു. ദേശീയ സമിതി രൂപീകൃതമായപ്പോൾ ആദ്യ ഡയറക്ടറായി അച്ചൻ നിയമിതനായി. എം.സി.വൈ.എം ദേശീയ സമിതിയുടെ ഭരണഘടന ഉൾപ്പെടെ മറ്റു ഘടന സംവിധാനങ്ങൾ ചിട്ടപ്പെടുത്തുന്നതിൽ അച്ചന്റെ നിർദ്ദേശവും പ്രോത്സാഹനവും ഏറെയായിരുന്നു. ഔപചാരികത ഒന്നുമില്ലാതെ സ്വതന്ത്രമായി ഇടപെടുന്നതിന് ഞങ്ങൾക്ക് അനുവാദമുണ്ടായിരുന്നു വ്യക്തിപരമായി സഹോദരതുല്യമായ സ്നേഹബന്ധം ഇന്നും നിലനിൽക്കുന്നു. വളരെ വളരെ രസകരമായ അനു ഭവങ്ങൾ പങ്കുവയ്ക്കാൻ ഈ കാലഘട്ടത്തിൽ ഉണ്ടെ ങ്കിലും സ്ഥലപരിമിതി മൂലം ആ ശ്രമം ഉപേക്ഷിക്കുന്നു.

ദേശീയസമിതി അംഗമാകുമ്പോൾ മറ്റു രൂപതയിലെ വൈദികരുമായും നല്ല ബന്ധം ഉണ്ടാവുക സ്വാഭാവികം ആണല്ലോ. ഒരിക്കലും മറക്കാനാവാത്ത ബന്ധമായിരുന്നു ബത്തേരി രൂപതയുടെ ഡയറക്ടറായിരുന്ന ബഹുമാനപ്പെട്ട ഫിലിപ്പ് പുത്തൻകണ്ടത്തിൽ അച്ചനുമായി ഉണ്ടായിരുന്നത്. എം.സി.വൈ.എം നേതൃത്വത്തോട് ആദരവ് പുലർത്തുകയും ബത്തേരിയിൽ എത്തിയാൽ ഞങ്ങളുടെ സുഖസൗകര്യങ്ങൾ ക്രമീകരിക്കുന്നതിൽ ഇത്രത്തോളം ശ്രദ്ധിച്ചിരുന്നതുമായ മറ്റൊരു വൈദികനില്ല. ആദ്യ യുവജനസംഗമം ബത്തേരിയിൽ സംഘടിപ്പിച്ചതിന്റെ മുഖ്യ നേതൃത്വം ഫിലിപ്പ് അച്ചനായിരുന്നു. പ്രഗൽഭനായ വാഗ്മിയാ യിരുന്നു, സംഘാടകനായിരുന്നു, എല്ലാറ്റിനുമുപരി നല്ലൊരു കവിയും ഗാനരചയിതാവും ആയിരുന്നു. അരാല ത്തിൽ പൊലിഞ്ഞുപോയ ഒരു നക്ഷത്രമായി വലിയ നഷ്ടബോധത്തോടെ കൂടി മാത്രമേ ഫിലിപ്പ് അച്ചനെ ഓർമ്മിക്കാനാവൂ.

തുടരും

**മോൻസൺ കെ. മാത്യു – എം.സി.വൈ.എം. സഭാതല സമിതിയുടെ ആദ്യ പ്രസിഡന്റ്**

# വാർത്തകൾ

## എം.സി.വൈ.എം. സഭാതല സമിതി

**ഗ്ലോബൽ മീറ്റ്** : എം.സി.വൈ.എം സഭാതല സമിതിയുടെ വാർഷിക സെനറ്റ് 2020 ജനുവരി 25, 26 തീയതികളിൽ മാർത്താണ്ഡം ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ മാർ എഫ്രേം കോളേജിൽ വച്ചു നടത്തപ്പെട്ടു.എം.സി.വൈ.എം സഭാതല പ്രസിഡന്റ് ടിനു കുര്യാക്കോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ വാർഷിക സെനറ്റ് അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് ഉദ്ഘാടനം നിർവ ഹിച്ചു. എല്ലാം രൂപതകളും റിപ്പോർട്ട് അവതരിപ്പിക്കുകയും തുടർന്ന് 2020-21 വർഷത്തെ ഭരണസ മിതിയെ തിരഞ്ഞെടുക്കുകയും ചെയ്തു.

**സത്യപ്രതിജ്ഞ** : മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനം, എം.സി. വൈ.എം. 2020-21 വർഷത്തെ ഭരണസമിതി ഫെബ്രുവരി 20-ാം തീയതി മേജർ ആർച്ച് ബിഷപ്പ് ഹൗസ് തിരുസന്നിധി പട്ടത്ത് വച്ച് യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിന്റെ സാന്നിധ്യത്തിൽ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്കാ ബാവയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

20-02-2020ൽ അഭിവന്ദ്യ വിൻററ്സെൻറ് മാർ പൗലോസ് പിതാവിന്റെ നേതൃത്വത്തിൽ പുതിയ ഭരണ സമിതിയുടെ ആദ്യ മിറ്റിംഗ് നടത്തപ്പെട്ടു.

**കരുണയുടെ ജപമാല** : 18-03-2020, പകുതി നോമ്പിന്റെ പുണ്യദിനമായ മാർച്ച് 18-ാം തിയതി സഭയിലെ യുവജനങ്ങൾ ഒന്നായി ദൈവകരുണക്കായി ഉപവസിക്കുകയും, ലോകം മുഴുവന്റെയും മേൽ ദൈവകരുണ സമൃദ്ധമായി വർഷിക്കുന്നതിനായി ഒരു ലക്ഷം കരുണയുടെ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**Break the Chain** : 21-03-2020, കോവിഡ് 19 എന്ന മഹാമാരിയിൽ ലോകം മുഴുവൻ ദുരന്തം അനുഭവിച്ചപ്പോൾ കൊറോണ എന്ന വൈറസിൽ നിന്ന് രക്ഷ നേടുവാൻ കേരള സർക്കാരിന്റെ Break The chain എന്ന കർമ്മ പദ്ധതിയുടെ ഭാഗമായി ചേർന്ന് നിന്ന് മഹാമാര ിക്കെതിരെ പൊരുതുവാൻ എം.സി.വൈ.എം. ആഹ്വാനം ചെയ്തു.

**എം.സി.വൈ.എം. ഫേസ്ബുക്ക് പേജ്** : 22-03-2020, താഴ്മയുടെ പ്രതീകമായ കഴുതയുടെ പുറത്ത് എഴുന്നള്ളിയവന്ന് യെറുശലേം നഗരവീഥി ഓശാന.... ഓശാന..... എന്ന് ആർത്തു വിളിച്ചപ്പോൾ കുരുത്തോലയും പൂക്കളും ഇല്ലാത്ത ജനതകർഫ്യൂ കാലമായിരുന്നു ഈ ഓശാന തിരുനാൾ. എന്നാൽ വിശ്വാസികൾക്കായി പരിശുദ്ധ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലിമ്മീസ് കാതോലിക്കാ ബാവയുടെ ഓശാന കുർബാനയും സന്ദേശവും എം.സി.വൈ.എം ഫേസ്ബുക്ക് പേജിലൂടെ തത്സമയം സംപ്രേഷണം ചെയ്തു.

23-03-2020 : സംഹാരദൂതൻ കടന്നുപോയ മിസ്രമിൽ നിന്നും ഉയർന്ന നിലവിളിയുടെയും മരണത്തിന്റെയും ശബ്ദമായിരുന്നു ഈ പെസഹാ കാലത്ത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കേട്ടത്. ഒരു തെറ്റും ചെയ്യാത്തവനെ ക്രൂശിക്കുക ക്രൂശിക്കുക എന്ന് ജനം ആർത്ത് വിളിച്ച് രണ്ടു കള്ളന്മാരുടെ മധ്യത്തിൽ അവനെ ക്രൂശിച്ച് കയിപ്പ് നൽകിയ ആ പീഡാനുഭവദിനങ്ങളും, പ്രത്യാശയുടെ ഉയിർപ്പും ക്രിസ്തീയ ജനതക്ക് കൊറോണ എന്ന മഹാമാരിയാൽ നഷ്ടമായപ്പോൾ ഹാശാ ആഴ്ചയിലെ എല്ലാ ശുശ്രൂഷകളും യുവജന പ്രസ്ഥാനം എം.സി.വൈ.എം. ഫേസ്ബുക്ക് പേജിൽ തത്സമയം സംപ്രേഷണം ചെയ്തു.

# വാർത്തകൾ

## എം.സി.വൈ.എം. സഭാതല സമിതി

26-03-2020 : സാമൂഹിക അകലം പാലിച്ച് നാം വീടുകളിൽ ആയിരുന്നപ്പോൾ നാടിന്റെ ദുരന്തമുഖത്ത് സഹായങ്ങൾ ചെയ്യുവാൻ കേരള സർക്കാർ ആവിഷ്കരിച്ച സന്നദ്ധസേന സംഘത്തിന്റെ അംഗങ്ങളാകുകയും ക്രൂശിതനായ ക്രിസ്തുവിനോട് ചേർന്ന് നിന്നു കൊണ്ട് യുവജനങ്ങൾ സാമൂഹികക്ഷേമ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

27-03-2020 : ആഗോള കത്തോലിക്കാ സഭയുടെ ആത്മീയ പിതാവായ പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയുടെ ശ്ലൈഹിക ദണ്ഡ വിമോചന ആശീർവാദം എം.സി.വൈ.എം പേജിലൂടെ സംപ്രേഷണം ചെയ്തു.

31-03-2020 : യുവജനങ്ങളുടെ സർഗാത്മകമായ കഴിവുകൾക്ക് വേദി ഒരുക്കുവാനും അവരുടെ ക്രിയാത്മകമായ ചിന്തകൾ പ്രദർശിപ്പിക്കുവാനും എം.സി.വൈ.എം. യൂത്ത് ഗാലറിലൂടെ അവസരമൊരുക്കി.


**യൂത്ത് സർവ്വേ** : 31-03-2020, 12 ഭദ്രാസനങ്ങളായി തിരിഞ്ഞു കിടക്കുന്ന മലങ്കര കത്തോലിക്കാ സഭയിലെ യുവജനങ്ങളെ ഒരുമിച്ച് ചേർത്ത് വിവരങ്ങൾ ശേഖരിക്കുവാനുള്ള കർമ്മപദ്ധതിയായിരുന്നു യുവജനസർവ്വേ. ഇതിലൂടെ 12 ഭദ്രാസന ങ്ങളിലെയും യുവജനങ്ങളുടെ സമ്പൂർണ്ണ വിവരശേഖരണം നടത്തുവാൻ സാധിച്ചു.

17-04-2020 : മണ്ണിനെയും പ്രകൃതിയെയും മനസ്സിലാക്കുവാൻ എം.സി.വൈ.എം. ഫേസ്ബുക്ക് പേജിൽ മിനി ഫാം എന്ന പദ്ധതിലൂടെ അവസരമൊരുക്കി.

26-04-2020 : എം.സി.വൈ.എം. സഭാതല സമിതിയുടെ മുഖപത്രമായ യുവചേതന എല്ലാ മാസവും ഓൺലൈനായി പ്രസിദ്ധീകരിക്കുന്നു.


09-05-2020 : എല്ലാ രൂപതാ ഡയറക്ടർ അച്ചൻമാരെയും പ്രസിഡന്റ് സെക്രട്ടറിമാരെയും ഉൾകൊള്ളിച്ചുകൊണ്ട് എം.സി.വൈ.എം.ന്റെ നേതൃത്വത്തിൽ ഓൺലൈൻ മീറ്റിങ്ങ് നടത്തപ്പെട്ടു.

**വെബ്സൈറ്റ്** www.mcym.in : പുതിയ സവിശേഷതകൾ ഉൾകൊള്ളിച്ചുകൊണ്ടുള്ള എം.സി.വൈ.എം. വെബ്സൈറ്റ് അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് ഉദ്ഘാടനം ചെയ്തു.















# ഭദ്രാസന വാർത്തകൾ

## തിരുവല്ല

### 1. കർമപരിപാടി ഉദ്ഘാടനം: നൻപൻ

അതിഭദ്രാസന കർമപരിപാടി ഉദ്ഘാടനം അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പൊലീത്ത നിർവഹിച്ചു. സഭാതല സമിതി അധ്യക്ഷൻ ജിത്ത് ജോൺ ഫ്രാൻസിസ്, ജനറൽ സെക്രട്ടറി ജിനു ജോർജ്, അതിരൂപത ആനിമേറ്റർ ഡോ സജി ചെറിയാൻ എന്നിവരെ ആദരിച്ചു. മേഖല ഭാരവാഹികൾക്കുള്ള നേതൃത്വ പരിശീലന പരിപാടി ബഹു. ഫാ. പ്രദീപ് വാഴത്തറമലയിൽ നയിച്ചു.



### 2. മാർച്ച്: ജീവൻ സംരക്ഷണ മാസം

3. മാർച്ച് മാസം ജീവൻ സംരക്ഷണ മാസമായി ആചരിച്ചു. 24 ആഴ്ച വരെ പ്രായമുള്ള ഗർഭസ്ഥ ശിശുവിനെ ഗർഭഛിദ്രം നടത്താൻ അനുവാദം നൽകുന്ന കേന്ദ്ര സർക്കാർ നയത്തിനെതിരായ പ്രതിഷേധം നടത്തി.

## ബത്തേരി

### 1. അതിജീവനം

രൂപതാ നേതൃത്വത്തിൽ സോഷ്യൽ സർവീസ് സെന്റർ ശ്രേയസിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന കോവിഡ് 19 കമ്മ്യൂണിറ്റി കിച്ചണിലേക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കളുടെ ശേഖരണം നടത്തി. രൂപത ഡയറക്ടർ ഫാ. സാമുവൽ ജോർജ് ഓ ഐ സി, രൂപതാ പ്രസിഡന്റ് ജിബി ഏലിയാസ്, ജനറൽ സെക്രട്ടറി റോബിൻ ജോസഫ് എന്നിവർ നേതൃത്വം നൽകി. ഭക്ഷ്യവസ്തുക്കളുടെ ശേഖരം ശ്രേയസ് ഡയറക്ടർ ഫാദർ സെബാസ്റ്റ്യൻ ഇടയത്തിന് കൈമാറി.



### 2. അതിഥികൾക്ക് ഒരു കൈത്താങ്ങ്:

ബത്തേരി രൂപതയുടെ സോഷ്യൽ സർവീസ് സെന്റർ ശ്രേയസിന്റെ സഹകരണത്തോടെ അതിഥി തൊഴിലാളികൾക്കായി എംസിവൈഎം ബത്തേരി മേഖല യുവജനങ്ങൾ 600 ഭക്ഷ്യ കിറ്റുകൾ പാക്ക് ചെയ്തു.

### 3. അഗ്രികൾച്ചർ ഫാം

ബത്തേരി രൂപത അധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് പിതാവിന്റെ നിർദ്ദേശപ്രകാരം രൂപതാ നേതൃത്വത്തിൽ പ്രതീക്ഷ യൂത്ത് സെന്ററിൽ അഗ്രികൾച്ചർ ഫാമിന് തുടക്കം കുറിച്ചു. ബത്തേരി രൂപത ഡയറക്ടർ ഫാ. സാമുവൽ ജോർജ് ഒ ഐ സി, രൂപത അസിസ്റ്റന്റ് ഡയറക്ടർ ഫാ. എബ്രഹാം ആശാരിപറമ്പിൽ, രൂപത പ്രസിഡന്റ് ജിബി ഏലിയാസ്, രൂപത ജന.സെക്രട്ടറി റോബിൻ ജോസഫ്, രൂപതാ ഭാരവാഹികൾ, എന്നിവർ നേതൃത്വം നൽകി. വാഴ, കപ്പ, പച്ചക്കറി, തുടങ്ങിയ വിളകളാണ് രൂപത സമിതി ആദ്യഘട്ടത്തിൽ കൃഷി ചെയ്യുന്നത്. രൂപതയിലെ എല്ലാ യൂണിറ്റുകളിലും ഇത്തരത്തിലുള്ള കൃഷിയെ രൂപത സമിതി പ്രോത്സാഹിപ്പിക്കുന്നു.

## മാവേലിക്കര

### 1. ഭരണഘടന സംരക്ഷണ ദിനാചരണം

2020 ഫെബ്രുവരി 21 ന് കടമ്പനാട് വൈദിക ജില്ലയുടെ ആധിഥേയത്വത്തിൽ മണ്ണാറോഡ് തിരുഹൃദയ മലങ്കര കത്തോലിക്കാ ദേവാലയത്തിൽ ഭരണഘടന സംരക്ഷണ ദിനാചരണം നടത്തപ്പെട്ടു. ഭദ്രാസന പ്രസിഡന്റ് ജോബി ജോൺ നീലേശ്വരം യോഗത്തിന് അധ്യക്ഷത വഹിച്ചു. എം സി വൈ എം മുൻ സഭാതല വൈസ് പ്രസിഡന്റും ലീഗൽ അഡ്വൈസറുമായ അഡ്വക്കേറ്റ് റെനോസാക്ക് ഭരണഘടന സംരക്ഷണ ദിനാചരണം ഔദ്യോഗികമായി ഉദ്ഘാടനം നിർവ്വഹിക്കുകയും പൗരത്വ ഭേദഗതി നിയമത്തെക്കുറിച്ചും ഇന്ത്യൻ ഭരണഘടനയും ന്യൂനപക്ഷ അവകാശങ്ങളെക്കുറിച്ചും ചർച്ച് ബിൽ എന്നിവയെകുറിച്ചും ക്ലാസ് നയിക്കുകയും യുവജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. ഭദ്രാസന ജനറൽ സെക്രട്ടറി സ്റ്റാലിൻ ഫിലിപ്പ്, ഭദ്രാസന ഡയറക്ടർ ഫാ. ഡെന്നീസ് മുകുളം പുറത്ത് , ട്രഷറർ ഷിബിൻ ഷാജി, കടമ്പനാട് വൈദിക ജില്ല ഡയറക്ടർ ഫാ. വർഗീസ് കുന്നത്തേത്, ജില്ലാ പ്രസിഡന്റ് സിജോ ജെ ജേക്കബ്, ജെറിൻ ജോസ് എന്നിവർ പ്രസംഗിച്ചു.

### 2. മാസ്ക് ഇൻ ടാസ്ക്

മാവേലിക്കര രൂപതാ നേതൃത്വത്തിൽ ചേതന ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റിയുടെ സഹായത്തോടുകൂടി ഭദ്രാസനത്തിലെ ഒരു കുടും ബത്തിന് 4 മാസ്ക് എന്ന ക്രമത്തിൽ 26000 മാസ്കുകൾ നിർമിച്ചു നൽകുന്ന പദ്ധതിക്ക് ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മാസ്കിന്റെ മെറ്റീരിയൽസ് ഭദ്രാസന ഡയറക്ടർ ഫാ. ഡെന്നീസ് മുകുളം പുറത്തിനു നൽകിക്കൊണ്ട് ഉദ്ഘാടനം നിർവഹിച്ചു.

ചേതനയുടെ ഡയറക്ടർ ഫാ. ലൂക്കോസ് കന്നിമേൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോൺ മരുതൂർ, ഭദ്രാസന പ്രസിഡന്റ് ജോബി ജോൺ, ജനറൽ സെക്രട്ടറി സ്റ്റാലിൻ ഫിലിപ്പ്, സഭാതല സിൻഡിക്കേറ്റ് റോബി ജോൺ, കെസിവൈഎം സംസ്ഥാന സെക്രട്ടറി സിബിൻ കുരമ്പാല എന്നിവർ സന്നിഹിതരായിരുന്നു.

3) **'മന്ന ' കരുണയിൻ കരങ്ങൾ' സഹായ പദ്ധതി - സൗജന്യ ഭക്ഷണ വിതരണവും ചികിത്സാസഹായ വിതരണവും**

ഒരു വർഷം നീണ്ടുനിൽക്കുന്ന മന്ന സഹായ പദ്ധതിക്ക് തുടക്കമായി. മലങ്കര കത്തോലിക്കാ സഭ പുനരൈക്യ പ്രസ്ഥാനം നവതി ആഘോഷങ്ങളുടെ ഭാഗംമായി 90 പേർക്ക് ഡയാലിസിസ് കിറ്റുകളും 9 ക്യാൻസർ രോഗികൾക്ക് സഹായം നൽകുന്ന യുവജന ആതുര സഹായ പദ്ധതി കരുണയിൻ കരങ്ങൾ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ ബസേലിയോസ് ക്ലിമീസ് കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് ലോഗോ ഏറ്റു വാങ്ങി. ഭദ്രാസന ഡയറക്ടർ ഫാ. ഡെന്നീസ് മുകുളം പുറത്ത്, ഭദ്രാസന പ്രസിഡന്റ് ജോബി ജോൺ നീലേശ്വരം, ഭദ്രാസന ജനറൽ സെക്രട്ടറി സ്റ്റാലിൻ ഫിലിപ്പ്, കെസിവൈഎം സംസ്ഥാന സെക്രട്ടറി സിബിൻ കുരമ്പാല, മുൻ ഭദ്രാസന പ്രസിഡന്റ് വിപിൻ വൈദ്യൻ, ജനറൽ സെക്രട്ടറി സുധിൻ മണ്ണറോഡ് തുടങ്ങിയവർ പ്രസംഗിച്ചു.

## പത്തനംതിട്ട

1. രൂപതയിലെ യുവജന പ്രസ്ഥാനത്തിന്റെ ഈ വർഷ ത്തെ പ്രവർത്തനങ്ങൾ കർമ്മപദ്ധതി ഉദ്ഘാടന ത്തോടെ ആരംഭിച്ചു. പത്തനംതിട്ട, റാന്നി - പെരുനാട്, പന്തളം, കോന്നി, സീതത്തോട് എന്നീ അഞ്ച് വൈദീക ജില്ലകളിലും ഫെബ്രുവരി മാസം ഉദ്ഘാടനം നടന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കർമ്മപദ്ധതി പ്രകാരം പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചില്ലെങ്കിലും രൂപതയിലെ യുവജനങ്ങൾ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ട് ഇരിക്കുന്നു.

2. രൂപത സ്ഥാപക ദിനാഘോഷങ്ങളുടെ ഭാഗമായി ജനുവരി 25ന് വകയാർ ദേവാലയത്തിൽ യുവജന സംഗമം നടത്തപെട്ടു. അഭിവന്ദ്യ ജോസഫ് പാംബ്ലാനി പിതാവ് ക്ലാസുകൾക്ക് നേതൃത്വം നൽകി.

3. പത്തനംതിട്ട മലങ്കര ടൂർസ് & ട്രാവൽസിന്റെ സഹകരണത്തോടെ കത്തീഡ്രൽ ദേവാലയത്തിൽ ഒരു വിദേശ ഉപരിപഠന സെമിനാർ സംഘടിപ്പിച്ചു.

4. **മാസ്ക് വിതരണം**

അഞ്ച് വൈദീക ജില്ലകളുടെയും സഹകരണ ത്തോടെ 3000 മാസ്കുകൾ തയാറാക്കി, പത്തനംതിട്ട ജില്ല ആരോഗ്യ മിഷൻ നേതൃത്വത്തിന് നൽകി.

5. എംസിവൈഎം തീമിനെ അടിസ്ഥാനമാക്കി 'നമുക്ക് പറയാം ' എന്ന പേരിൽ ഒരു ഓൺലൈൻ വീഡിയോ മത്സരം നടത്തപ്പെട്ടു. വിവിധ രൂപതകളിൽ നിന്നും വൈദീക ജില്ലകളിൽ നിന്നുമായി 50 യുവജനങ്ങൾ പങ്കെടുത്തു.

## പാറശ്ശാല

1. **യുണിറ്റ് തല അഫിലിയേഷൻ**

പാറശ്ശാല ഭദ്രാസനത്തിലെ 103 യൂണിറ്റുകളിലും 15 വയസിനും 30 വയസിനും ഇടയിൽ പ്രായമുള്ള യുവതീയുവാക്കളെ യുവജന പ്രസ്ഥാനത്തിന്റെ ഭാഗമാക്കിക്കൊണ്ടുള്ള യൂണിറ്റ് തല അഫിലിയേഷൻ 20/02/2020ൽ ആരംഭിച്ചു 08/03/2020ൽ പൂർത്തിയാക്കി. എല്ലാ യൂണിറ്റുകളും അതിൽ സഹകരിച്ചു.

3. **കർമപദ്ധതി ഉദ്ഘാടനം**

കർമപദ്ധതി ഉദ്ഘാടനം 'മിസ്സിയോ 2020' മാർച്ച് 8 ന് നടത്തി. സമ്മേളനത്തിന് മുന്നോടിയായി കൊറോണ വൈറസ് ബാധിതരായവർക്കു വേ ി ജപമാല പ്രാർത്ഥന നടത്തി. 'ആധുനിക കാലഘട്ട ത്തിലെ യുവജനങ്ങൾ' എന്ന വിഷയത്തെ മുൻ നിർത്തി പൂനെ-ഘട്കി ഭദ്രാസനത്തിന്റെ നിയുക്ത വികാരി ജനറൾ, മോൺ. വർഗീസ് അങ്ങാടിയിൽ ക്ലാസ് നയിച്ചു. പഠനവിഷയം -'യുവത്വം-ധീര പ്രേഷിത ആകുവാനുള്ള വിളി' യെക്കുറിച്ചു ഭദ്രാസന ഡയറക്ടർ ഫാ. ഡോ. പ്രഭീഷ് ജോർജ് തീം പഠന സെമിനാർ നടത്തി.കർമപദ്ധതി ഉദ്ഘാടനത്തിൽ ഭദ്രാസന അധ്യക്ഷൻ അതിവിശിഷ്ട അതിഥി ആയിരുന്നു. ദീപ ശിഖ തെളിയിച്ചു നടത്തിയ ഉദ്ഘാടന സമ്മേളനത്തിൽ കർമപദ്ധതി അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു.

3. **അസീസിയൻസ്-ഇ -താലന്ത്**

യുവജനങ്ങളുട കലാസാഹിത്യ വാസനകൾ വർധിപ്പിക്കുന്നതിനായി അസീസിയൻസ്-ഇ-താലന്ത് എന്ന ഓൺലൈൻ മത്സരങ്ങൾ ആരംഭിച്ചിരിക്കുന്നു. ഓൺലൈൻ സോളോ കോമ്പറ്റിഷനും ഓൺലൈൻ ഉപന്യാസ മത്സരവും നടത്തപ്പെട്ടു. തുടർന്ന് മറ്റ് മത്സരങ്ങൾ നടക്കും.



4. **സാപ്പിയൻസ് 2020**

21-ാം നൂറ്റാണ്ട് അതിശീഘ്രം നടന്നു നീങ്ങുമ്പോൾ ജോലി മേഖലയിലെ മത്സരബുദ്ധി യുവജനങ്ങൾ നേരിടുന്ന വെല്ലുവിളിയാണ് എന്ന ബോധ്യത്തോടെ പാറശ്ശാല ഭദ്രാസനം ഒരുക്കുന്ന പി എസ് സി പഠന കളരിയാണ് സാപ്പിയൻസ് 2020 .മൂന്ന് ഘട്ടങ്ങളിലായി യൂണിറ്റ്, വൈദിക ജില്ല , ഭദ്രാസന തലങ്ങളിൽ ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ക്വിസ് നടത്തപ്പെടുന്നു.

5 .**ഒരുമണിക്കൂർ പ്രാർത്ഥനായജ്ഞം** (15/03/2020)

കൊറോണാ വൈറസിന്റെ ഭീതിയിൽ കഴിയുന്ന അനേകർക്ക് വേണ്ടി എല്ലാ യുവജനങ്ങളും തങ്ങളുടെ ഒരു മണിക്കൂർനേരം മാറ്റിവെച്ച് പ്രാർത്ഥിച്ചു.

## തിരുവനന്തപുരം

1.**കർമ്മപദ്ധതി ഉദ്ഘാടനം**

കർമ്മപദ്ധതി എറിസ് 2020 അഞ്ചൽ വൈദിക ജില്ലയുടെ ആഥിധേയത്വത്തിൽ ചോഴിയക്കോട് ഇടവകയിൽ ഫെബ്രുവരി 9 ന് സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലിമീസ് കാതോലിക്കാബാവ ഉദ്ഘാടനം ചെയ്തു. ചോഴിയക്കോട് ഇടവകയിൽ സംഘടിപ്പിച്ച ചടങ്ങിൽ



പ്രസിഡന്റ് ശ്രീ. ജെറിൻ മാത്യു പുതുവീട്ടിൽ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. വർഗീസ് കിഴക്കേക്കര, അഞ്ചൽ വൈദിക ജില്ല വികാരി ഫാദർ ബോവാസ് മാത്യു മേലൂട്ട്, അസിസ്റ്റന്റ് ഡയറക്ടർ ഫാ. അരുൺ ഏറത്ത്, ആനിമേറ്റർ സി. ജർമ്മയിൻ ജേക്കബ് ഡി.എം., ജനറൽ സെക്രട്ടറി ലിജു ബാബു കോട്ടവട്ടം, ട്രഷറർ ജിജു ജസ്റ്റിൻ കോഴിയോട്, സഭാതല പ്രസിഡന്റ് ജിത് ജോൺ ഫ്രാൻസിസ്, അഞ്ചൽ വൈദിക ജില്ല ഡയറക്ടർ ഫാദർ ജേക്കബ് കല്ലുവിള, അഞ്ചൽ വൈദിക ജില്ലാ പ്രസിഡന്റ് അനീഷ് കെ വർഗീസ് തുടങ്ങിയവർ പ്രസംഗിച്ചു.

2. **ജീവ ജ്വാല**

ഗർഭചിദ്രം അനുവദിക്കുന്ന ദേശീയ നിയമത്തിനെതിരെ ഫെബ്രുവരി 9 ന് അഞ്ചൽ ചോഴിയക്കോടിൽ പ്രതിഷേധ റാലി നടത്തി. യുവ ജനങ്ങൾ ഒരുമിച്ച് ഗർഭച്ഛിദ്രത്തിനെതിരെ മെഴുകുതിരി കത്തിച്ച് പ്രതിജ്ഞ എടുത്തു. ഡയറക്ടർ ഫാദർ വർഗീസ് കിഴക്കേക്കര, അസിസ്റ്റന്റ് ഡയറക്ടർ ഫാദർ അരുൺ ഏറത്ത്, സിസ്റ്റർ ജർമെയിൻ ജേക്കബ്, പ്രസിഡന്റ് ശ്രീ ജെറിൻ മാത്യു പുതുവീട്ടിൽ, ജനറൽ സെക്രട്ടറി ലിജു ബാബു കോട്ടവട്ടം തുടങ്ങിയവർ നേതൃത്വം നൽകി. 800 അംഗങ്ങൾ പങ്കെടുത്തു.

3. **പ്രാർത്ഥനാ ദിനം**

കൊറോണ വൈറസ് ലോകം മുഴുവൻ വ്യാപരിക്കുന്ന സാഹചര്യത്തിൽ മാർച്ച് 18 ന് പ്രാർഥനാ ദിനമായി ആചരിച്ചു ജാഗരണ പ്രാർത്ഥന നടത്തി. എല്ലാ യൂണിറ്റുകളിലും ലോക ജനതയ്ക്കായി 27500 കരുണയുടെ ജപമാലചൊല്ലി.



3. **കരുണയുടെ ജപമാല**

കോവിഡ് ബാധിതർക്കും സന്നദ്ധ പ്രവർത്തകർക്കും പോലീസുകാർക്കും നഴ്സുമാർക്കും വേണ്ടിയും ലോകജനതയ്ക്ക് മുഴുവൻ വേണ്ടിയും സഭാതല സമിതിയോട് ചേർന്ന് 27,000 കരുണയുടെ ജപമാല യുവജനങ്ങൾ ചൊല്ലി.

4. **മാസ്ക് നിർമാണം**

കൊറോണ വൈറസിനെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി യുവജനങ്ങളുടെ സഹായത്തോടെ 4500 മാസ്കുകൾ നിർമ്മിച്ചു ആതുരാലയങ്ങൾ, പോലീസ് സ്റ്റേഷൻ, നഗരസഭ തുടങ്ങിയവർക്കും പൊതുജനങ്ങൾക്കും നൽകുകയുണ്ടായി.

5. **അവശ്യ സാധന കിറ്റ് വിതരണം**

രൂപതയിലെ കഷ്ടത അനുഭവിക്കുന്ന ആയിരത്തിയഞ്ഞൂറോളം കുടുംബങ്ങൾക്കും അനാഥ മന്ദിരങ്ങൾ ക്കും വിവിധ യൂണിറ്റുകളുടെ സഹായത്തോടെ അവശ്യ സാധനങ്ങൾ വിതരണം ചെയ്തു.



## മൂവാറ്റുപുഴ

1. **പ്രയാണം 2020**

2020-2021 ലെ കർമപരിപാടി, മുവാറ്റുപുഴ രൂപത അധ്യക്ഷൻ പ്രകാശനം ചെയ്തു.

2. **പ്രയർ വാൾ-വാട്സ്ആപ്പ് പ്രാർത്ഥന കൂട്ടായ്മ**

രൂപതയിലെ യുവജനങ്ങളെ പ്രാർത്ഥനയിലൂടെ ഒന്നിപ്പിക്കുക എന്ന ലക്ഷ്യവുമായിപ്രയർ ഗ്രൂപ് രൂപീകരിച്ചു. അനേകം പ്രാർഥനാനിയോഗങ്ങളും കരുണകൊന്തകളും ജപമലകളും ലോകത്തിനു മുഴുവനും വേണ്ടി ചെല്ലി വരുന്നു.

3. **ഓൺലൈൻ മത്സരങ്ങൾ**

ക്വാറന്റിൻ കാലഘട്ടത്തിൽ യുവജനങ്ങൾക് വേണ്ടി രൂപതാസമിതിയുടെ (കൂടെ- 2020) നേതൃ

ത്വത്തിലും മേഖലകളുടെ (അനുയാത്ര, തോബിത്-2020,നുഹറോ-2020, ഫെലീഷ്യ-2020, കളഴ്സ് ഓഫ് സർവൈവൽ) നേതൃത്വത്തിലും ഓൺലൈൻ മത്സരങ്ങൾ നടത്തിവരുന്നു. എല്ലാ മേഖലകളിൽ നിന്നും സജീവ പങ്കാളിത്തം ഉണ്ടായിരുന്നു.

4. **സന്നദ്ധ സേന രൂപീകരണം**

കോവിഡ് 19 സമൂഹം വ്യാപനം ഉണ്ടായാൽ സന്നദ്ധപ്രവർത്തനത്തിന് സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങളെ കുറിച്ചു നിർദ്ദേശം നൽകുന്നതിനായി സന്നദ്ധ സേന രൂപീകരിച്ചു. കെ.സി.വൈ.എം സംസ്ഥാന സമിതിയും കെ സി.ബി.സി ഹെൽത്ത് കമ്മീഷനും തൃശൂർ അമല ഹോസ്പിറ്റലും സംയുക്തമായി നടത്തുന്ന പരിശീലനകളരിയിലേക്കും പ്രവർത്തനങ്ങളിലേക്കും രൂപതയിലെ ഓരോ യൂണിറ്റിൽ നിന്നും പ്രതിനിധികളെ ഉൾകൊള്ളിച്ചു. സന്നദ്ധസേന പരിശീലത്തിന്റെ ഭാഗമായി ഡോക്ടർമാർ നടത്തിയ ഓൺലൈൻ ട്രെയിനിങ് സെഷനിൽ രൂപതാ അധ്യക്ഷൻ, രൂപത സമിതി, മേഖലസമ്മിതി യൂണിറ്റുകളിൽ നിന്നുമുള്ള പ്രതിനിധികൾ വീടുകളിൽ ഇരുന്നു കൊണ്ടുതന്നെ പങ്കാളികളായി.

## Marthandom

1. **GLOBAL MEET 2020**

The Mcym central annual senate was held at mar ephream college elavuvilai on 25,26 January 2020 hosted by mcym marthandam. In global meeting all dioceses presented their annual report and throughout the meeting there was a presence of honorble Vincent Mar poulose. We can serve all dioceses greatly as possible and also special thanks to central team for giving a chance to host this global meet in our diocese.

**2. ARAISE 2020**

A leadership training camp for the youth was held under the MCYM marthandam on 7,8 March 2020 at Mar ephream college elavuvilai. The classes are led by the bishop Vincent Mar poulose, Mr. Kumari adhavan and Fr. Alex Kumar etc. And on that day the previous team was being honored.

**3. Helping Hands**

Due to the Corona the whole country is in lock down. During this period all Eccl district members of our diocese join with social services. They help to the poor in their region on this situation and spend time for them. All district directors initiated for this helping minds.

**4. Prayer Group**

The MCYM leaders of our Diocese started a new Online Prayer Group on 3rd March 2020 for people who affected by Corona virus and pray for people who behind this as Doctors,Nurses and other Health Care Workers.We still continues the prayers for them.






## Gurgaon

**Socio-Cultural Activities**

The Leadership Meet and Annual Senate of MCYM Gurgaon Diocese was held on 16th and 17th March at St. Mary's Sr. Sec. School, Faridabad.The closing ceremony of Golden Jubilee Celebrations of MCYM was conducted on 17th March in St. Mary's Sr. Sec. School, Faridabad. H.E. Bishop Dr. Jacob Mar Barnabas celebrated the Holy Qurbana which was followed by oath taking of new MCYM diocesan team chosen for the year 2019-21. Conventions were organized in all three regions. Online Bible Quiz Competition was conducted from 5th to 8th April. MCYM Gurgaon diocese's youth kalolsavam, Ivania '20 is being conducted.Food kits delivered to multiple communities of visually impaired people. MCYM Surat launched 'Next Track', an initiative wherein resource persons and industry experts were brought in and MCYM members from around the country could send in queries about job opportunities and about what would be best for them in a post-corona economy.

**Mission Activities**

A subject of extreme importance for the diocese of Gurgaon is evangelization. Aligning with the diocese's goals, MCYM, Gurgaon Diocese appointed 1 Mission Coordinator each per region and advised the units to appoint unit level mission coordinators. The mission coordinators spearhead mission activities at different levels and ensure timely visits to mission centers. Gurgaon diocese has approximately 20 mission centers, spread across 13states. A fund collection drive was initiated at the diocesan level for two extremely active MCYM brethren from Orissa region, they were involved

in a motor accident and come from a financially weak background and thereby experienced a paucity of resources to meet their mounting medical expenses. More than 6 lakh rupees were raised. 'Send a Child to School Initiative' is a project of Prachodana Social Service Society of the Diocese of Gurgaon wherein an individual sponsors the education of an underprivileged student, the students belong to various mission centers of the Diocese. A diocese level coordinator for the program was appointed and regions and units were asked to appoint coordinators at regional and unit level respectively. Christmas gifts were sent to mission stations by the units. MCCL members of the mission centers were given gift packets.

## Khadki-Pune

**Eparchial News**

MCYM Eparchy of St. Ephrem, Khadki-Pune organized an online competition to showcase the talents of the youths within the Eparchy. The competition was named 'UMANG'with the theme 'HOPE' during the days of lockdown due to COVID-19. It was organized to inspire the youths to connect and spread the hope of revival and the fight against the pandemic with a hashtag #NeverLockDownYour Talent #StayHomeStaySafe.

Each unit was expected to create a video showcasing their talents as a team by justifying the theme and upload it on the MCYM Eparchy's official Facebook page before 15th May. In all 13 teams participated in the competition. The videos are available on official Facebook page, MCYM Eparchy Khadki Pune (The Official Account of Malankara Catholic Youth Movement of the Eparchy of St. Ephrem, Khadki-Pune).

**Pune district: L-CAT (Lock-Down Catechism) Series for Youths:**

MCYM Pune District Core under the leadership of President, Mr. Jinu George and guidance of Director Rev. Fr.Melwin Mathew OIC conducted below two programmes for the MCYM Pune District youth during the corona pandemic.

**Quarantine Easter (Q-Easter) Quiz for Youths:**

The quest for bible knowledge, like everything else of value, is not to be obtained easily. It must be worked for, studied for, thought for, and more than that must be prayed for.

## Puttur

**Action plan :**

The Diocesan plan of action was highly affected and disturbed by the outbreak of COVID-19, and immediate online meeting was called to discuss the further proceedings of the diocesan activities. After assessing the situations, the regional committee was forced to suspend all the activities of the diocese till the situation gets better, but a new idea of connecting all our youth via social media networks was discussed and as result diocesan team initiated TALENT HUNT 2020 AND team DK initiated a new Mission KAIROS.

**Mission KAIROS**

"A crisis is not a time to cry, rather it is a time to fight the odds and exploit the opportunity given towards a greater deed". The regional MCYM which had to cancel its most of the activities did not let the Corona Crisis to supress the will of our youth to be active in youth movement. Instead we found this as the time given to us by the lord, to think, to understand and to reflect upon our lives. This was the KAIROS for a self-assessment and understanding, a KAIROS for uniting families, a KAIROS for walking back to the lord. Thus the MCYM DK region came up with mission Kairos from 5th May 2020 to 1st June 2020 to empower and encourage our youths to study and understand more about our church and MCYM. A new YouTube Channel was created for the same reasons and as a first part of mission KAIROS; KAIROS 2K20 an online talent hunt for our members was conducted, which received an overwhelming response and support by our young community. The second part of Mission

**KAIROS**

KAIROS Talks was announced on 20th May 2020. The KAIROS Talks focuses on enlightening our people by providing them an opportunity to listen to 6 Eminent leaders of our church from 24th May to 1st June.

# സൗഹൃദത്തണൽ

**മനുജ എം എസ്**
കാഞ്ഞിരംകുളം ഇടവക
പാറശ്ശാല ഭദ്രാസനം

ഇളനീരിൻ ശുദ്ധതയായ്
രാമഴ തൻ ഈണവുമായ്
കടലലയുടെ ആരവമോടെ, തിര തേടും കര
പോലെ ;
മാമലയുടെ തിരിയാകും നക്ഷത്ര ദീപം പോൽ,
കുളിരുണ്ണാനിറങ്ങി വരും
മഴമുകിലിൻ വേഗം
പോൽ, പുൽനാമ്പിൽ മുഖമെഴുതും
നീഹാരമണിമുത്തായ്,
വണ്ടിണകൾ തേടി വരും നൽ പൂവിതളിൻ
മണമോലും സഖി നീ നിറവായ്, നിനവായ്
നിറയുന്നെൻ ഓർമകളിൽ

കുഴിയാന തുമ്പികളെപ്പോൽ നശ്വരം നാം
എന്നോതി, കാർമേഘ കൂരിരുളിൽ മഴവില്ലിൻ
അഴകാകാൻ,
ഇല തുമ്പിലൊഴുകി വരും ജീവന്റെ
നിറവാകാൻ, വഴിവക്കിലുറങ്ങും പഥികർ തൻ
നിഴലാവാൻ, ആരോരുമില്ലാത്ത ബാല്യത്തിൻ
തണലാവാൻ,കൂട്ടാരും കൂടാത്ത കൂടണയാ
ജന്മത്തിൻ കൂടെയിരിക്കുവാൻ
സഖിയായ്,സൗമ്യമായ് എന്നിലേക്കോതി നീ.

എന്റെ ബാല്യത്തിലെന്നെ
ചേർത്തണച്ചൊരു
സൗഹൃദത്തണലേ നിന്നെ ഓർക്കുന്നു
ഞാൻ :
വഴിമരച്ചോട്ടിലെ വെയിലിലും ഇരുളിലും
നിന്നെ തിരഞ്ഞു ഞാൻ:
ഓർമകളുടെ പൂക്കാലം എന്നിൽ
വിരിയിച്ചകളിത്തോഴി നീയിന്നെവിടെ?

അറിയാം, നിന്നെ
തിരയാനെനിക്കാവില്ലയെങ്കിലും
മനം നിറയും സ്മൃതിയോടെ സഖീ നിൻ
പാത
തിരയുന്നു ഓർമകളുടെ സൗരഭ്യം
എന്നും നുകരുവാൻ.






'മമ്മാ... '

ഉണ്ണിമോൾ ആണ്.. 6 ദിവസായി കണ്ടിട്ട്... വാതിൽ തുറന്ന പാടെ, കെട്ടിപ്പിടിക്കാനുള്ള വരവാണ്.. ഓൾടെ കുഞ്ഞുമുഖത്തു, 'എവിടെയാരുന്നെന്നുള്ള' നീരസം കാണാം... അവളെ നോക്കി ഒരു പുഞ്ചിരി കൊടുക്കാനെ കഴിഞ്ഞുള്ളു.. 'ഉണ്ണീ.. മമ്മയെ തൊടല്ലേ..'രാജീവേട്ടന്റെ നീട്ടിയുള്ള വിലക്ക്.... ഒരു മോളോടും ഒരു അച്ഛനും അങ്ങനെ പറഞ്ഞുകാണില്ല... അമ്മയെ തൊടരുതെന്ന്...

ക്ഷീണവും വേദനയുമുണ്ട്... എങ്കിലും മനം നിറഞ്ഞപോലെ... രാജീവേട്ടൻ, ചിണുങ്ങുന്ന ഉണ്ണിമോളെ ആശ്വസിപ്പിക്കുവാണ്... രാജീവേട്ടൻ സൂചന നൽകുംപോലെ കണ്ണടച്ചുക്കാണിച്ചപ്പോൾ ആണ് ഓർത്തത്.. ഒന്നു കുളിക്കണം.. റൂമിൽ എത്തി കണ്ണാടിയിലെ കാഴ്ച്ച കണ്ടപ്പോൾ കുറച്ചു നേരം നോക്കി നിന്നുപോയി.. മുഖത്ത് ചുവന്നു തടിച്ച പാടുകൾ.. ഈ ദിവസങ്ങളിലെ തന്റെ ജോലിയുടെ ശേഷിപ്പ്.. അതൊ ഇനിയും മറ്റെന്തെങ്കിലും ഉള്ളിൽ അവശേഷിക്കുന്നുവോ? ദേഹത്ത് ചെറിയ ഒരു തരിപ്പ് തോന്നി.. വീണ്ടും ഓർത്തു.. കുളിക്കണം..

ബാത്റൂമിൽ കയറി ഷവർ തുറന്നു... ഓരോ തുള്ളിയും ദേഹത്ത് വീഴുമ്പോൾ നീറുന്നു...

ആറു ദിവസം മുൻപായിരുന്നു മെഡിക്കൽ കോളേജിൽ നിന്നും മറിയാമ്മ ചേച്ചി വിളിച്ചത്. നേഴ്സിംഗ് സൂപ്രണ്ടാണ് ചേച്ചി..

'നിമിഷേ.. ഉടനെ നീ ഹോസ്പിറ്റലിൽ എത്തണം ഇവിടെ അല്പം സീരിയസ് ആണ്.. നീ ടീമിൽ ഉണ്ട്..'

എന്തോ പെട്ടന്നുള്ളിൽ സന്തോഷം ആയിരുന്നു.. കഴിഞ്ഞ വർഷം പി.ജി. വിദ്യാർത്ഥിനി ആയിരുന്നപ്പോൾ ഏറെ ആഗ്രഹിച്ചതാണ് ഇങ്ങനെ ഒരു ടീമിന്റെ ഭാഗമാകുകയെന്നത്.. അതിപ്പോൾ നടക്കാൻ പോണൂ.. ഭൂമിയിലെ മറ്റേതൊരു മാലാഖയെയും പോലെ തന്റെ കരവും കരുതാനുള്ളതല്ലേ...

കോവിഡും കൊറോണയും ലോകത്തെ പിടിച്ചു കുലുക്കുന്ന വാർത്ത കാണുമ്പോളെല്ലാം രാജീവേട്ടൻ പറയുമായിരുന്നു.. 'നീയും പോണമെന്ന്....അവിടെ നിന്റെ പരിചരണമാവശ്യമുള്ള അനേകം ആളുകളുണ്ടെന്നു...'

ആശുപത്രി വരാന്തയിൽവെച്ച് നൽകിയ ആ ചുംബനം അത് ഊട്ടി ഉറപ്പിച്ചതേയുള്ളൂ...

ഡോക്ടർ അനിതയും മറിയാമ്മ ചേച്ചിയും ഉൾപ്പെടെ 40 പേരുടെ സംഘം... ചെന്നതുമുതൽ നിർദേശങ്ങളായിരുന്നു.. പി.പി.ഇ.കിറ്റിനെപ്പറ്റി... രോഗിയെങ്ങനെ പരിചരിക്കണം എന്നതിനെപ്പറ്റി.. മനസ്സിൽ നിന്നുമാ ദൃശ്യങ്ങൾ മാറുന്നില്ല... ഡോണിങ് റൂമിൽ പി.പി.ഇ. കിറ്റ് എനിക്കായി കാത്തിരിക്കുന്നു... വളരെ സൂക്ഷ്മതയോടുപയോഗിക്കണം എന്നായിരുന്നു നിർദേശം.. കാരണം അവ വളരെ കുറച്ചു മാത്രമേ ലഭ്യമായിരുന്നുള്ളുവത്രേ... ആദ്യമായി കണ്ടപ്പോൾ

കൗതുകം തോന്നി... ഒരു നീളൻ വെള്ള ഉടുപ്പ്, തൊപ്പി, കൈയ്യുറകൾ, മുഖം മറയ്ക്കാൻ മാസ്ക്, ഗോഗിൾ കണ്ണട.. അതിലേക്ക് കൈ കഴുകി ഇറങ്ങിയപ്പോൾ ആൻഡ്രോയ്ഡ് കുഞ്ഞപ്പൻ ലുക്കും ഗമയും തോന്നിയിരുന്നു... പക്ഷേ എന്നെ ഒരാൾ കാത്തിരിപ്പുണ്ടായിരുന്നു..

ഐസൊലേഷൻ വാർഡിലെ അപ്പച്ചൻ.. കപ്പട മീശയും ഉണ്ട കണ്ണും ഒക്കെയുള്ളൊരു പാവത്താൻ.. അപ്പച്ചന് കോവിഡ് ആണ്.. ഇറ്റലിയിൽ ആയിരുന്നു മക്കൾ ഒക്കെ. വർഷങ്ങൾക്ക് ശേഷം തിരക്കൊഴിഞ്ഞ് കാണാൻ വന്നതാണ്.. വന്നപ്പോൾ അവർ നൽകിയ സമ്മാനമാകട്ടെ, ഈ രോഗവും..

അപ്പൻ പണ്ടേ പോയതായോണ്ട് എന്തോ പ്രത്യേക വാത്സല്യമായിരുന്നു അപ്പച്ചനോട്...
അപ്പച്ചന് വേണ്ട കാര്യങ്ങൾ എല്ലാം ചെയ്യുമ്പോഴും, കൊച്ചുമോളെ ഒന്ന് കാണുക എന്നത് ആയിരുന്നു ഏക ആവശ്യം..
'കൊച്ചുമോളെ കൊഞ്ചിക്കണം, കഥകൾ പറയണം അവരെന്നെ കാണാൻ വന്നതാ... ' എപ്പോഴും ആ പാവം പുലമ്പുമായിരുന്നു..ശത്രുവിനെ നേരിടാൻ പോവുന്ന ഒരു പട്ടാളക്കാരനെപ്പോലെ പടച്ചട്ടയണിഞ്ഞു ചെല്ലുമ്പോൾ, ചില്ലു കൂട്ടിൽ കയറിയ പ്രതീതിയായിരുന്നു...
ഷിഫ്റ്റനുസരിച്ച് മാറി മാറി വരുമ്പോളെല്ലാം അപ്പച്ചന്റെ അസുഖം മാറണമേ എന്നായിരുന്നു പ്രാർത്ഥന..

എന്നാൽ... ആ സമയം... ഏതൊരു മനുഷ്യനും ഭൂമിയിൽ അവസാനം കിട്ടുന്ന കുറച്ചു നിമിഷങ്ങൾ....അപ്പച്ചന് ശ്വാസമെടുക്കാൻ പറ്റുന്നില്ല.... മരിച്ചുകൊണ്ടിരിക്കുക യാണ് പാവം.. അനിത ഡോക്ടർ ഉൾപ്പെടെയെല്ലാവരും എന്തൊക്കെയോ ചെയുന്നു..
എന്ത് ചെയ്യണം എന്നറിയാതെ പകച്ചു നിൽക്കാനേ കഴിഞ്ഞുള്ളൂ. പാവം, ശ്വാസം എടുക്കുന്ന ഓരോ വേളയിലും എന്തോ പറഞ്ഞൊപ്പിക്കാൻ ശ്രമിക്കുകയാണ്....
'എന്റെ കൊച്ചുമോളെ ഒന്ന് കാണിച്ചു തരാമോ'...
നിസ്സഹായയായി നിന്നുപോയി.. അവസാന ശ്വാസം വലിക്കുമ്പോഴും അദ്ദേഹം നോക്കുന്നുണ്ടായിരുന്നു..
ഒന്ന് മാത്രമേ ആ പാവം ആശിച്ചിരുന്നുള്ളൂ... കൊച്ചു മോളെ ഒരു നോക്ക് കാണണം...
മനസ്സ് നീറുകയായിരുന്നു..
കഴിഞ്ഞ ആറ് ദിവസമായി പരിചയിച്ച ഓരോരോ കാര്യങ്ങൾ ആയിരുന്നു മനസ്സ് നിറയെ...
ഡോഫിങ് റൂമിൽ പി.പി.ഇ. കിറ്റ് ഓരോന്നായി ഊരി മാറ്റുമ്പോൾ യാന്ത്രികമായിരുന്നു എല്ലാം...
കഴിഞ്ഞ ദിവസങ്ങളിൽ ഈ ഉടുപ്പിനുള്ളിൽ ശ്വാസം കിട്ടാതെ വിയർത്തു കുളിച്ച്, താൻ പരിചരിച്ചിരുന്ന ആ മനുഷ്യൻ ഇനി ഇല്ല..
'നിമിഷേ.. കുളി കഴിഞ്ഞില്ലേ? നിനക്ക് ഒരു ഫോൺ കാൾ ഉണ്ട്.. മറിയാമ്മ ആന്റിയാണ്.. നമ്മുടെ രേഷ്മക്ക് പകരം നിനക്ക് ചെല്ലാമോയെന്ന്?????
'മ്മം...'
കണ്ണുകൾ തുടച്ചു വീണ്ടും അടുത്ത ദൗത്യത്തിലേക്കു നിമിഷ നീങ്ങുകയായി....

സാം മോൻ ബാബു
മുക്കട, എരുമേലി

## പ്രാർത്ഥന

പതിവ് കൊന്ത ചൊല്ലലും ബൈബിൾ വായനയും കഴിഞ്ഞു ഫിലിപ്പോസുചേട്ടൻ പതിയെ എഴുന്നേറ്റു. എഴുപത്തിയാറ് ഉണ്ട് പ്രായം , എന്നാലും നല്ല ആരോഗ്യമാ, എപ്പോഴും സന്തോഷമാ, പണ്ട് പാലായിൽ നിന്ന് അന്നപ്പെണ്ണിന്റെ കൈയ്യും പിടിച്ച് മലബാറിലേക്ക് വന്ന അതേ ഉത്സാഹം.. തൊട്ടപ്പുറത്ത് കട്ടിലിലുണ്ട് അന്ന ചേട്ടത്തി..ശരീരം തളർന്നുവെങ്കിലും മനസ്സ് ഇന്നും ഫിലിപ്പോസ് ചേട്ടനെ മുറുക്കെ പിടിച്ചിട്ടുണ്ട് ...

പിള്ളർക്ക് എന്തേലും ?

'ഏയ് ഒന്നുമില്ലെടി പെണ്ണ് അവർക്ക് ഒന്നും വരില്ല'

ഇറ്റലിയിൽ ഒക്കെ എല്ലാർക്കും രോഗം ആയി എന്നാണല്ലോ മേരി സിസ്റ്റർ പറഞ്ഞെ...

'ആഹ്..അവർക്കൊന്നും വരുകേല്ലെടി നമ്മുടെ പ്രാർത്ഥന കൂടെ ഇല്ലേ'..

കലങ്ങിയ കണ്ണൊന്ന് മെല്ലെ തുടച്ചുകൊണ്ട് ഫിലിപ്പോസ് ചേട്ടൻ റൂമിലെ ലൈറ്റ് ഓഫാക്കി..പതിയെ ഇരുവരും രാത്രിയുടെ മൂകതയിൽ അലിഞ്ഞുചേർന്നു... പുറത്ത് ഗേറ്റിൽ ലൈറ്റ് മെല്ലെ അണഞ്ഞു ... ചുവന്ന റോസാക്കുലയുടെ താഴെയുള്ള ബോർഡിൽ ഇങ്ങനെ എഴുതിയിരിക്കുന്നു .

' സാന്ത്വനം വൃദ്ധസദനം '

ആരും ഇല്ലാത്തവർക്ക് ഒരു ആശ്രയം .

ബിജോ ലൂക്കോസ്
നാലാഞ്ചിറ യൂണിറ്റ്

## CAUGHT IN QUANRANTINE

An outbreak looted,the world muted.
Staying still to stop being ill.
Quit shaking hands while hunger still stands.
Smiling behind a mask is now a task.
New beginnings seem far away, come what may.
Heads can't rest,to return to a life with zest,
Still at homes we linger,with phones to tinker.
Waiting for a day,when we shall go away

By
Roshin Thomas,
Palathinkal House,
St.Mary's Malankara catholic church,Alumthuruthy



# The Perpetual Ordinance

The Black family was all set. The crystalline chandelier glowed a golden hue in the hall where Samuel Black prepared the table for the Passover. Alicia, his grand daughter a fifth grader carefully placed the candle on the prayer table. Jaqueline and Anabella, his beloved wife and daughter-in-law rushed in from the kitchen with a plate of unleavened bread and a sweet dip. " Shall we?", enquired Mrs. black with a smile. Yes, let us now pray to the lord almighty", Samuel prayed as he gestured them to gather around the table.They then broke and shared the bread. " This bread isn't tasty, why is it unleavened?", complained Alicia in a sweet tone. " You want to know it,then let me tell you", Samuel ate the last piece and sat down on a chair with Alicia on his lap. " It all started as a perpetual ordinance to save the Israelites from the plague and to bring themout of slavery..... they had to sacrifice a lamb,put its blood on the door lintels and door posts, eat unleavened bread only and stay indoors till the lords pass over.... By staying indoors they weresaved from death by the lord's wrath....this is why we celebrate the Passover "Alicia sat patiently contemplating about the things she just her." Mom, were the Israelites quarantined?", asked Alicia as she found it similar to the present day. Anabella smiled surprised. "Mm.. kind of..well, at the time of adversities the one who pray so bediently to the Lord with steadfast trust will be under his protection. He has plans for everyone. If he didn't chose them as leaders they wouldn't rule over us. So let us listen to their instructions and..." The conversation was interrupted by Jerome's call from Germany. His calls were their relief and reassurance to this family in India. The family that pray will not perish. Also this too shall pass.

Cyriac V JohnVazhathara
Malayil Thirumoolapuram unit




കവർ ചിത്രം: റിനി രാജു, വകയാർ, കവർ ഫോട്ടോ : റോണി രാജു, വകയാർ, ലേഔട്ട് : ലിനു വി ഡേവിഡ്, കരിമാൻതോട്, കവർ & ഡിസൈൻ : പ്രതിഭ പ്രസ്സ് തണ്ണിത്തോട്